POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 17

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഏപ്രിൽ 27/ഹി:ശം:1396 ശഹാദത്ത് 27/ഹി:ഖ: 1438 റജബ് 29

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 24-03-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാംപേജിൽവായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**നിങ്ങൾ സത്യഹൃദയത്തോടും പൂർണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും.**

**നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണചെയ്യപ്പെടും.**

**ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ അല്ലാഹുവിൽ സർവ്വവും ഭരമേല്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളെക്കാളും ഉയർന്നു നില്ക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ദുർവൃത്തൻ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അഹങ്കാരി ദൈവസായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെ അടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതികാഢംബരങ്ങളിൽ ആകർഷനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽനിന്ന് ദൂരത്താണ്. എല്ലാവിധ അവിശുദ്ധ ഹൃദയങ്ങളും അവനിൽനിന്ന് അജ്ഞാതമാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവന് അതു ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണ ചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ. ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോടു താണുകേണ് വിലപിക്കുവിൻ-അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം ഭൂമിയിൽ ഒരു ആപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളം ഒരു ആപത്തും അകലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ അടിവേരിനെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ, അവയിൽ സർവ്വവും ഭരമേല്പിക്കുന്നതിലാണ് വിലക്കുള്ളത്. അവസാനം ദൈവം നിശ്ചയിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ അല്ലാഹുവിൽ സർവ്വവും ഭരമേല്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളെക്കാളും ഉയർന്നു നില്ക്കുന്നത്. നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നലികൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ, ഈ പ്രതാപശാലിയായ നബിയോടു നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്-ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചതിനുശേഷം ലഭിക്കുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായി മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയുമില്ലെന്നും ഖുർആനു കിട നില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ ശരീഅത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുനാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി, ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ് ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ആ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മഹമ്മദീ സമുദായത്തിനും ആത്മീയമായരീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ് ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം എന്ന ഖുർആനിക വചനം സൂചന നല്കുന്നത്. പൂർവ്വികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയ ഭൂസ്വത്ത് മൂസാ(അ)യ്ക്കു ലഭിച്ചു. മൂസാ(അ)ന്റെ സമുദായം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ സ്വത്ത് ഹദ്റത്ത് മുഹമ്മദു(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീ സമുദായം മൂസവി സമുദായത്തിന്റെ പ്രതിനിധിയാണ്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിനുപടി മീതെയാണ്. മൂസായുടെ സദൃശൻ മൂസായെക്കാൾ ഉന്നതനും ഇബ്നുമർയമിന്റെ സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതുനമാണ്. മർയമിന്റെ മകൻ മസീഹ് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെയാണ് നബി(സ) തിരുമേനിക്കുശേഷം 14-ാം നൂറ്റാണ്ടിൽ ആ വാഗ്ദത്ത മസീഹും വെളിപ്പെട്ടത്. ഈ കാലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല പ്രത്യുത മർയമിന്റെ മകൻ മസീഹ് വെളിപ്പെട്ട നേരത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലായിരുന്നുവോ അതേപോലെ മുസ്ലീംകളുടെ അവസ്ഥയായിത്തീർന്നപ്പോൾ ആ വാഗ്ദത്ത മസീഹ് വന്നു. അത് ഞാൻ തന്നെയാകുന്നു.”(കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാല്യം 19 പേജ് 13-14)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# റമളാനിലെ നോമ്പ്

ഇസ്‌ലാമിക ഇബാദത്തിന്റെ രണ്ടാമത്തെ പ്രധാനകാര്യമാണ് നോമ്പ് . ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയ പരിഷ്കരണവും നല്ല സംസ്കാരവും, ക്ഷമാശീലവും വളർത്തലുമാകുന്നു . ഹദ്റത്ത് മസിഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: "കഠിനാധ്വാനമില്ലാത്ത മതം നമ്മുടെ ദൃഷ്ടിയിൽ ഒന്നും തന്നെ അല്ല . 'സ്വൗമുൻ' എന്ന വാക്കിന്റെ അർത്ഥം; നിൽക്കുക, തടയുക, ഒന്നും പ്രവർത്തിക്കാതിരിക്കുക എന്നതാകുന്നു. ധർമശാസ്ത്രപരമായ - സാങ്കേതിക അർത്ഥത്തിൽ സൂര്യോദയം മുതൽ സൂര്യാസ്തമയംവരെ ഇബാദത്തിന്റെ നിയ്യത്തോടെ ഭക്ഷണപാനീയങ്ങളിനിന്നും ശാരീരിക ബന്ധത്തിൽനിന്നും തങ്ങളെ തടയലാകുന്നു."

**അല്ലാഹുതആല വിശുദ്ധഖുർആനിൽ പറയുന്നു.**

"പ്രഭാതത്തിന്റെ വെള്ളനൂൽ രാവിന്റെ കറുപ്പു നൂലിൽ നിന്നും വേർതിരിഞ്ഞ് നിങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നതുവരെ (പ്രഭാതംവരെ)നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. പിന്നീട് രാത്രിയാകുന്നതുവരെ നിങ്ങൾ വ്രതം പൂർത്തീകരിക്കുക." അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻവേണ്ടി ഭക്ഷണപാനീയങ്ങളിൽനിന്നും ശാരീരികേച്ഛകളിൽനിന്നും തടയുന്ന കല്പനകൾ എല്ലാതരത്തിലുള്ള തിന്മയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമാകുന്നു.

**നബി (സ)തിരുമേനി പറയുന്നു**:

"ആരാണോ കളവ് പറയുന്നതിൽനിന്നും അത് പ്രവർത്തിക്കുന്നതിൽനിന്നും പിന്മാറാത്തത് അവന്റെ വിശപ്പും ദാഹവും സഹിക്കൽ അല്ലാഹുവിന് ഒരു ആവശ്യവുമില്ല." യഥാർഥ ഉദ്ദേശ്യത്തിന്റെ വികാരം ഉൾക്കൊള്ളാത്ത നോമ്പ് ഒരു പ്രയോജനവും ചെയ്യാത്തതാണ്. മറ്റൊരവസരത്തിൽ പറയുണ്ടായി, ഭക്ഷണപാനീയങ്ങളിനിന്നും തന്നെ തടഞ്ഞുനിറുത്തുന്നതിന്റെ പേരല്ല നോമ്പ്; എല്ലാ വൃത്തികെട്ടകാര്യങ്ങളിൽ നിന്നും, ചീത്തവിളികളിൽനിന്നും എല്ലാ നിരർഥമായ കാര്യങ്ങളിൽനിന്നും, അസഭ്യസംസ്കാരങ്ങളിൽനിന്നും ഒഴിയലാണ് നോമ്പ്. അതുകൊണ്ട് - അല്ലയോ നോമ്പുകാരാ! ആരെങ്കിലും നിന്നെ അസഭ്യം പറയുകയോ നിന്നോടു ദ്വേഷപ്പെടുകയോ ചെയ്താൽ അവനോട് പറയുക, 'ഞാൻ നോമ്പ് കാരനാണ്.' ആര് നോമ്പ് എടുത്തുകൊണ്ട് അസഭ്യം പറയുന്നുവോ അവന്റെ നോമ്പ് പട്ടിണിമാത്രമാണ്. ഇതു മുഖേന അവന് ഒന്നുംതന്നെ ലഭിക്കുന്നില്ല.

**പുരാതന മതങ്ങളിൽ നോമ്പ്**

നോമ്പ് എന്ന ഇബാദത്ത് അതിപുരാതനകാലംമുതലേ മതങ്ങളിൽ നിലനിൽക്കുന്നതാണ് . അതിന് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു .

"അല്ലയോ മുസ്‌ലീംകളെ നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (നിങ്ങൾ ധാർമികവും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.

ഇസ്‌ലാമികവ്രതവും പുരാതനമതങ്ങളിലെ വ്രതവും രൂപഭാവത്തിൽ വ്യത്യാസമുള്ളതാണെങ്കിലും അടിസ്ഥാനഉദ്ദേശ്യം ഒന്നുതന്നെയാണ് .

നബി(സ) അരുൾ ചെയ്യുന്നു.

"നമ്മൾ അത്താഴം കഴിക്കുന്നു എന്നതാണ് ഗ്രന്ഥാനുസാരികളുടെ നോമ്പും നമ്മുടെ നോമ്പും തമ്മിലുള്ള വ്യത്യാസം." മുസ്‌ലീംകൾ അത്താഴം കഴിച്ച് നോമ്പ് അനുഷ്ഠിക്കുന്നു. ഗ്രന്ഥാനുസാരികൾ അത്താഴം കഴിക്കുന്നില്ല. ഇതുപോലെ ഹിന്ദുക്കൾക്ക് നോമ്പിന്റെ അസ്ഥയിൽ ചിലതെല്ലാം കഴിച്ചാലും അവരുടെ നോമ്പ് നിലനില്ക്കുന്നു. (അഥവാ) ചില വസ്തുക്കൾ ഉപേക്ഷിക്കുന്നതിനെയാണ് അവർ നോമ്പ് എന്നു പറയുന്നത്. ക്രിസ്ത്യാനികളുടെ നോമ്പിൽ മാംസവും പുളിപ്പുള്ളതുമായ ആഹാരം ഉപയോഗിക്കാൻ പാടില്ല. മറ്റു ചില മതത്തിൽ ഒരുദിവസം മുഴുവനും അത്താഴം പോലും കഴിക്കാതെ സന്ധ്യക്ക് അവസാനിക്കുന്ന നോമ്പും ഉണ്ട്. മാത്രമല്ല 4 ദിവസം തുടർച്ചയായി അനുഷ്ഠിക്കുന്ന നോമ്പുമുണ്ട്. കനമുള്ള ഭക്ഷണം വർജിച്ചുകൊണ്ട് ലഘുഭക്ഷണമായ പാൽ, പഴങ്ങൾ തുടങ്ങിയവ അനുവദിച്ചു കൊണ്ടുള്ള നോമ്പും ഇന്ന് പല മതങ്ങളിലും നിലനിൽക്കുന്നുണ്ട്.

കുട്ടികളെ അത്താഴത്തിന്റെ സമയത്ത് എഴുന്നേല്പിച്ച് ഭക്ഷണത്തിനുമുമ്പേ നഫ്ൽ നമസ്കാരശീലമുള്ളവരാക്കി മാറ്റണം. ഖാദിയാനിൽ ഈ രീതിയായിരുന്നു ഉണ്ടായിരുന്നത്. ഇത് അത്യാവശ്യവും പ്രയോജനപ്രദവുമാണ്. എന്നാൽ, ഇപ്പോൾ അധിക വീടുകളിലും ഇത് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഖാദിയാനിൽ ഈ ശീലം നിലനിന്നിരുന്നു. ഭക്ഷണംകഴിക്കാൻ മാത്രമല്ല എഴുന്നേൽപ്പിക്കുന്നത്. കുട്ടികൾക്ക് രണ്ടോ, നാലോ നഫ്ൽ നമസ്കരിക്കാൻ സമയം കിട്ടുംവിധം നേരത്തെ ഉണർത്തുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവസാമിപ്യം കരസ്ഥമാകുന്നു. ആത്മസംസ്ക്കരണത്തിന് നോമ്പനുഷ്ഠാനം അത്യന്താപേക്ഷിതമായതിനാൽ എല്ലാ മതങ്ങളിലും വ്യത്യസ്തമായ രീതിയിൽ നോമ്പനുഷ്ഠാന സമ്പ്രദായമുണ്ട് എന്ന തിന് ഒരു സംശയവും ഇല്ല.

മാത്രമല്ല മനുഷ്യശരീരത്തിന് നോമ്പനുഷ്ഠാനംകൊണ്ട് ഒരുപാട് ഗുണങ്ങളുണ്ട്. അവന്റെ ശരീരത്തിലടിഞ്ഞിരിക്കുന്ന കൊഴുപ്പ് , ദുർമ്മേദസ് എന്നിവയുടെ അളവ് നോമ്പനുഷ്ഠാനം കൊണ്ട് കുറയുന്നുവെന്ന് ശാസ്ത്രീയമായി തെളിയിച്ചിരിക്കുന്നു. ആരോഗ്യം മെച്ചപ്പെടുന്നു. ഡോക്ടർമാർ പറയുന്നത് ഇന്നത്തെ ഭക്ഷണരീതി കണക്കിലെടുത്ത് ഒരു മനുഷ്യൻ ആഴ്ചയിൽ ഒരു പകൽ മുഴുവൻ ഉദരത്തിന് റസ്റ്റ് നൽകുന്നത് നല്ലതാണെന്നാണ്.

ഇസ്‌ലാമിൽ ഈ സംവിധാനം 1400 വർഷങ്ങൾക്ക് മുമ്പേ തന്നെ നബി (സ) പഠിപ്പിച്ചിരിക്കുന്നു. അതാണ് നഫ്ൽ നോമ്പുകൾ, റമളാൻനോമ്പുകൾ. ഒരുപരിധിവരെ അത് മനുഷ്യന് ആത്മീയവും ശാരീരികവുമായ അഭിവൃദ്ധി നൽകുന്നു. റമളാനിൽ ഒരുമാസം മുഴുവൻ അനുഷ്ഠിക്കുന്ന നോമ്പ് അല്ലാഹുവിനെ പ്രാപിക്കാൻ ഏറ്റവും വലിയ ഷോട്ട് കട്ടാണ് .

ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള ഏറ്റവും വലിയ കുറുക്കുവഴിയാണ് റമളാനിലെ നോമ്പ്. യഥാവിധം ഭക്ഷണ പാനീയങ്ങൾ നിയന്ത്രിച്ച് ദൈവകല്പനകൾപാലിച്ച് അനുഷ്ഠിച്ചാൽ മനുഷ്യന് ആത്മീയമായും ശാരീരികമായും ഒരു പുതുജീവിതം ലഭിക്കുമെന്ന് ഹദീഥുകളിൽ നിന്നു വ്യക്തമാകുന്നുണ്ട്.

**ഖലീഫത്തുൽ മസീഹ '(റ) ഥാനീ പറയുന്നു**:

"അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ചുകൊണ്ട്, അനുവദനീയമായ വലിയ വലിയ ആവശ്യങ്ങൾക്ക് ഒരു പ്രധാന്യവും നൽകാതെ അവ ഉപേക്ഷിക്കുന്ന ഒരു നോമ്പുകാരൻ-അവൻ അനുവദിച്ച കാര്യങ്ങൾ ദൈവപ്രീതിക്കു വേണ്ടി ഒരു നിശ്ചിതസമയത്തേക്ക് ഉപേക്ഷിക്കാൻ തയ്യാറാകുകയാണിവിടെ. അവന് അനുവദിച്ചിട്ടില്ലാത്ത കാര്യങ്ങൾ ഒരിക്കലും ചെയ്യുകയില്ലെന്ന് മാത്രമല്ല. ഹറാമായത് കഴിക്കുകയോ, കുടിക്കുകയോ,വികാരേച്ഛകളെ പൂർത്തിയാക്കാൻ മറ്റുമാർഗ്ഗങ്ങൾ സ്വീകരിക്കുകയുമില്ല."

"നോമ്പിന്റെ ഉദ്ദേശ്യം വിശപ്പും ദാഹവും സഹിക്കൽ മാത്രമല്ല. പട്ടിണി മുഖേന സ്വർഗം ലഭിക്കുമെങ്കിൽ നിഷേധികളിൽ വലിയ നിഷേധിയും മുനാഫിക്കുകളിൽ വലിയ മുനാഫിക്കും ഇതിന് തയ്യാറാകുമെന്നാണ് ഞാൻ മനസിലാക്കുന്നത്. കാരണം പട്ടിണികിടന്നു മരിക്കൽ എളുപ്പമുള്ള കാര്യമാണ്."

**ഹദ്റത്ത് മസിഹ് മൗഊദ്(അ) പറയുന്നു**: "നബി(സ) തിരുമേനി റമളാനിൽ ധാരാളമായി ഇബാദത്തുകൾ ചെയ്തിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണപാനീയ ചിന്തകളിൽനിന്ന് മുക്തനായി ഭൗതിക ആവശ്യങ്ങളിൽനിന്ന് ബന്ധം വിച്ഛേദിച്ച് അല്ലാഹുവിലേക്ക് കുനിഞ്ഞിരിക്കുന്ന അവസ്ഥയാണ് ഉണ്ടാക്കേണ്ടത്." (1906 പ്രസംഗം ജൽസാസാലാന)

നോമ്പ് നിങ്ങളുടെ ആത്മാവിനെ ആർദ്രമാക്കുകയും അതിന്റെ കെട്ടുറപ്പിന് വേണ്ട സംവിധാനം ഒരുക്കുകയും ചെയ്യുന്നു. മാത്രമല്ല ശരീരത്തിൽ അനാവശ്യമായുള്ള കൊഴുപ്പിനെ ഉരുക്കിക്കളയുന്നു. ഭൗതികമായ സംവിധാനത്തിലേക്ക് ഒന്ന് കണ്ണോടിക്കുമ്പോൾ നമുക്ക് കാണാം പട്ടാളത്തിലും പോലീസിലും ഫയർ ഫോഴ്സിലുമെല്ലാം വർഷത്തിൽ ഒന്നു രണ്ട് തവണ പ്രത്യേകമായ പരിശീലനവും കൃത്രിമമായുള്ള അപകടസാഹചര്യങ്ങൾ സൃഷ്ടിച്ച് അപകടം വരുമ്പോൾ എങ്ങനെ രക്ഷപ്പെടാൻ കഴിയുമെന്ന് പരീക്ഷണങ്ങൾനടത്തി പരിശീലനം ചെയ്യാറുള്ളത് പതിവ് സംഭവമാണ്. ഈ പരിശീലനങ്ങൾ ഭാവിയിൽ വരുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും സുഗമമായി നേരിടാൻ ഉപകരിക്കുന്നു. ഇതുപോലെ വർഷത്തിൽ ഒരിക്കൽ വരുന്ന റമളാൻ മനുഷ്യന് ആത്മീയാദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കി ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് ശക്തി പകരുന്നു. ദൈനംദിനജീവിതം ഇസ്‌ലാമിക ധർമശാസ്ത്രമനുസരിച്ച് നയിക്കാനുള്ളതും അനുവദനീയമായതിനെപോലും വർജിച്ചുകൊണ്ട് നടത്തുന്ന 30 ദിവസത്തെ ട്രെയിനിംങ്ങാണ് നോമ്പ്. യഥാർഥത്തിൽ നമ്മൾ മുമ്പേ കഴിച്ചിരുന്നതിനെക്കാൾ കുറച്ച് ഭക്ഷണംകൊണ്ട് ജീവിക്കാൻ കഴിയും എന്ന് റമളാൻ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഭക്ഷണസാധനങ്ങൾ ലാഭിക്കുന്നതോടൊപ്പം ആരോഗ്യവും സംരക്ഷിക്കാൻ നോമ്പ് നമ്മെ പഠിപ്പിക്കുന്നതിനേക്കാൾ ഉത്തമമായ ഒരു ഡയറ്റിംങ് വേറെയില്ല. ഹദ്റത്ത് മസിഹ് മൗഊദ് (അ) ഈ വിഷയത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പറയുന്നു: "നോമ്പിൽ ഭക്ഷണം കുറക്കേണ്ടത് അത്യാവശ്യമാണ്. ഭക്ഷണം കുറക്കാതെ നോമ്പിന്റെ ഉദ്ദേശ്യം പൂർണമാവുകയില്ല. കുറച്ച് സമയം പട്ടിണികിടക്കുന്നതിനെ നോമ്പ് എന്ന് പറയാൻ പാടില്ല."

അത്താഴസമയത്തും നോമ്പ് തുറക്കുന്ന സമയത്തും ക്ഷമയും മിതത്ത്വവും പാലിക്കേണ്ടതാണ്. മാത്രമല്ല ക്രമാതീതമായ ഭക്ഷണം കുറച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതുകൂടാതെ മനുഷ്യന്റെ ശ്രദ്ധ അല്ലാഹുവിലേക്ക് തിരിയുകയില്ല. ദിക്റെഇലാഹിയെക്കുറിച്ച് മസിഹ് മൗഊദ് (അ) പറയുന്നു: "ദിക്റെ ഇലാഹി ഒരു ആത്മീയ ഭക്ഷണമാണ്. ദൈനംദിന ഭക്ഷണം ശരീരത്തിന്റെ ഭക്ഷണമാണ്. ശരീരത്തിന്റെ ഭക്ഷണത്തിൽനിന്ന് നമ്മുടെ ശ്രദ്ധ ആത്മീയ ഭക്ഷണത്തിലേക്ക് തിരിച്ച് വിടുന്നു എന്നതാണ് നോമ്പിന്റെ ബർക്കത്ത്. ദിക്റെഇലാഹിയിൽ ഒരുനിർവൃതി അനുഭവപ്പെട്ടു തുടങ്ങുന്നു. അത് ആത്മീയാനുഭൂതിയാകുന്നു.

**ഖലീഫത്തുൽ മസിഹ് റാബിഅ്(റഹ്) പറയുന്നു**:

"നിങ്ങളുടെ ആരോഗ്യം മെച്ചപ്പെടാൻ വേണ്ടി നോമ്പ് എടുക്കുവിൻ. നമ്മൾ അമിതമായി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നത് വിഡ്ഢിത്തമായിരുന്നു എന്ന പാഠം നോമ്പിൽനിന്ന് പഠിക്കുമ്പോഴാണ് നമ്മുടെ ആരോഗ്യം നന്നാകുന്നത്."

# കൊല്ലം ജില്ലാ വഖ്ഫെനൗ ഇജ്തിമാ വിജയകരമായി സമാപിച്ചു.

**കരുനാഗപ്പള്ളി**: വഖ്ഫെനൗ കുട്ടികളുടെ കൊല്ലം ജില്ലാ ഇജ്തിമാ 2017 ഏപ്രിൽ ഒന്ന് രണ്ട് തിയതികളിൽ(ശനി, ഞായർ) ആദിനാട് മസ്ജിദ് മുബാറക്കിൽ നടന്നു. ശനിയാഴ്ച മഗ്‌രിബ് ഇശാ നമസ്കാരങ്ങൾക്കുശേഷം ജില്ലാ അമീർ എം. അബ്ദുല്ലാ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഉൽഘാടന സെഷൻ ഇഫ്തിഖാർ അഹ്മദിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ജില്ലാ അമീർ സാഹിബ് ഇജ്തിമാ ഉൽഘാടനം ചെയ്തു. ആദിനാട് ജമാഅത്ത് സ്വദ്ർ കെ.എം.സലീം സാഹിബ് സ്വാഗതം പറഞ്ഞു. സഫ്ർ അഹ്മദ് പദ്യം ആലപിക്കുകയും ശഫീഖ് അഹ്മദ് തിരുഹദീഥുകൾ കേൾപ്പിക്കുകയും ചെയ്തു. ജില്ലാ അമീർസാഹിബിന്റെ നേതൃത്വത്തിൽ നടന്ന ദുആയോടെ ഉൽഘാടന പരിപാടി സമാപിച്ചു.

തുടർന്ന് നടന്ന തർബിയ്യത്ത് സെഷനിൽ 'വഖ്ഫെനൗ രക്ഷാകർത്താക്കളുടെ ഉത്തരവാദിത്വങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മൗലവി പി. അബ്ദുന്നാസ്വിർ സാഹിബ് പത്തപ്പിരിയം ക്ലാസ് നടത്തി. കൊട്ടാരക്കര ജമാഅത്ത് സ്വദ്ർ അബുദുർറശീദ് സാഹിബ് അധ്യക്ഷനായി. തഅ്ലീം സെഷനിൽ ആൺകുട്ടികൾക്ക് കരുനാഗപ്പള്ളി നാഇബ് അമീർ എ.കെ.കലീം സാഹിബും പെൺകുട്ടികൾക്ക് നാസ്വിറാത്ത് ജില്ലാ സെക്രട്ടറി പി.ശറീന സാഹിബയും കൗൺസിലിംഗ് നടത്തുകയും ക്ലാസെടുക്കുകയും ചെയ്തു.

രണ്ടാം ദിവസം തഹജ്ജുദ് നമസ്കാരത്തോടെ കാര്യപരിപാടികളാരംഭിച്ചു. മൗലവി നജ്മുദ്ദീൻ സാഹിബ് നേതൃത്വം നല്കി. സുബ്ഹി നമസ്കാരത്തിനുശേഷം മൗലവി സാഹിബ് വിജ്ഞാനപ്രദമായ ദർസ് നടത്തി.

തർബിയ്യത്ത് സെഷൻ ഒമ്പതര മണിക്ക് ആരംഭിച്ചു. ആദിനാട് ജമാഅത്ത് സ്വദ്ർ കെ.എം.സലീം സാഹിബ് അധ്യക്ഷനായി. സജീൽ അഹ്മദിന്റെ തിലാവത്തോടെ തുടക്കം കുറിച്ച പരിപാടിയിൽ ബദ്ർ മലയാളം പത്രാധിപർ മുഹമ്മദു ഇസ്മായീൽ സാഹിബ് ആലപ്പുഴ 'വഖ്ഫെ നൗഇന്റെ പ്രാധാന്യം' എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. തുടർന്ന് നടന്ന തഅ്ലീം സെഷനിൽ മൗലവി മുബശ്ശിർ അഹ്മദ് സാഹിബ് ക്ലാസെടുത്തു. മാത്ര ഇബ്റാഹീം കുട്ടി സാഹിബ് അധ്യക്ഷനായിരുന്നു.

കൊല്ലം ജില്ലാ നാഇബ് അമീർ അബ്ദുർറഹ്മാൻ കോയ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ ബിലാൽ അഹ്മദ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. കമാൽ അഹ്മദ് പദ്യം ആലപിച്ചു. അധ്യക്ഷ ഭാഷണത്തിനുശേഷം നടന്ന ചോദ്യോത്തര സദസ്സിൽ മൗലവി പി.അബ്ദുന്നാസ്വിർ സാഹിബും മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബും വഖ്ഫെനൗ കുട്ടികളുടേയും രക്ഷിതാക്കളുടേയും ചോദ്യങ്ങൾക്ക് മറുപടി നല്കി. കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം വിതരണം ചെയ്തു. കൊല്ലം ജില്ലയിലെ എല്ലാ ജമാഅത്തുകളിൽനിന്നും വഖ്ഫെനൗ കുട്ടികളും രക്ഷിതാക്കളും സജീവമായി പങ്കെടുത്തു. ജില്ലാ ഖാഇദ് നന്ദി പറഞ്ഞു. മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ദുആയോടെ രണ്ടുദിവസം നടന്ന ഇജ്തിമാ വിജയകരമായി സമാപിച്ചു.

(അബ്ദുൽ ഹക്കീം കൊട്ടാരക്കര, കൊല്ലം ജില്ല ഇശാഅത്ത് സെക്രട്ടറി)

# ഖുത്ബ ജുമുഅ

**മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ദിനമാണ്. കാരണം ആ ദിവസമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ(അ) ഔദ്യോഗികമായി ബയ്അത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിട്ടത്. ആ മഹാത്മാവ് പറഞ്ഞു:'നബി(സ)തിരുമേനി സുവാർത്ത അറിയിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഞാനാകുന്നു.' ആ മഹാത്മാവ് പറഞ്ഞു, 'തൗഹീദ് സ്ഥാപിച്ച് ദൈവസ്നേഹം ജനമനസ്സുകളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരുക്കുന്നത്. ഈ സ്ഥാനവും പദവിയും നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനെ സത്യസന്ധമായി സ്നേഹിച്ചതുകൊണ്ടുമാണ് എനിക്ക് ലഭിച്ചത്.**

**ഹദ്റത്ത് മസീഹ് മൗഊദും(അ)അദ്ദേഹത്തെ വിശ്വസിക്കുന്നവരും നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ നബി(സ)തിരുമേനിയുടെ ദർജ കുറയ്ക്കുന്നവരാണെന്ന് പറയുന്നവർ ളാലിമാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും, അവിടത്തെ ജീവിത സംഭവങ്ങളുടേയും വെളിച്ചത്തിൽ റസൂലിനോടുള്ള(സ)സ്നേഹത്തിന്റേയും മാനവകുലത്തോടുള്ള സഹതാപത്തിന്റേയും ചൈതന്യവത്തായ ചർച്ച. ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തംഗങ്ങൾ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റണമെന്നുള്ള താക്കീത്.**

---

**ഇക്കാര്യങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവൻ അക്രമിയും അജ്ഞനും കുഴപ്പമുണ്ടാക്കുന്നവനുമാണെന്നല്ലാതെ ഒന്നും പറയാൻ സാധ്യമല്ല. അവരുടെ കാര്യം ഇപ്പോൾ അല്ലാഹുവിലാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം തൗഹീദിന്റെ സംസ്ഥാപനവും നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും വ്യക്തമാക്കി ലോകത്തെ ആ മഹാത്മാവിന്റെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നതാണ്. അതിനോടൊപ്പം സൃഷ്ടികളോടുള്ള കടമനിർവഹിക്കുകയും സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള വാത്സല്യത്തിന്റേ ഗ്രാഹ്യം നല്കുകയും അവരെക്കൊണ്ട് അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയുമാണ്.**

**ആ മഹാത്മാവിന്റെ മിഷനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ധാരാളം മുസ്ലിം ഉലമാ ശ്രമിച്ചു. അസംഖ്യം ഉലമാ അദ്ദേഹത്തെ എതിർത്തു. അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കി. ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായിട്ടാണ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ, മുസ്ലിം രാജ്യങ്ങളിൽ ഞങ്ങൾക്കെതിരെ എതിർപ്പു നടന്നുകൊണ്ടിരിക്കുന്നത്. ഇന്നും നമ്മൾ ആ എതിർപ്പിനുള്ള മറുപടിയിൽ അവർക്കെതിരിൽ ധാർമികമായ നിലവാരങ്ങളെ കൈവിട്ടു കളയുകയോ നിയമങ്ങളെ നമ്മുടെ കൈയിൽ എടുക്കുകയോ ചെയ്തിട്ടില്ല എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സ്വാധീനമാണ്. അഹോ കഷ്ടം! ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവും മസീഹും മഹ്ദിയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനി തന്നെയാണെന്ന് ഇവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇസ്ലാമിന്റെ പ്രചാരണവും തൗഹീദിന്റെ സംസ്ഥാപനവും ഹൃദയങ്ങളിൽ സ്ഥാപിതമാകേണ്ട- ഭൂമിയിലല്ല-നബി(സ)തിരുമേനിയുടെ ഭരണവും മസീഹ് മൗഊദ് മുഖേന തന്നെയാണ് സ്ഥാപിതമാകേണ്ടത്. അവിടത്തെ ജമാഅത്തു മുഖേനതന്നെയാണ് സ്ഥാപിതമാകേണ്ടത്. അല്ലാതെ ഏതെങ്കിലും വാളുകൊണ്ടോ തുപ്പാക്കി കൊണ്ടോ ഊക്കുകൊണ്ടോ അല്ലെങ്കിൽ ഭീകരത പരത്തുന്നതുകൊണ്ടോ ഇസ്ലാമിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്നത് കൊണ്ടോ അല്ല.**

**യൂറോപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ, ഇസ്ലാമിന്റെ പേരിൽ വ്യക്തികളോ സംഘടനകളോ ആണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ ഇവിടെ ലണ്ടനിൽ രണ്ടുദിവസം മുമ്പേ അക്രമപരമായനിലയിൽ നിരപരാധികളെ വധിക്കുകയുണ്ടായി. വഴിപോക്കരുടെമേൽ കാറ് ഇടിച്ചുകയറ്റി. ഒരു പോലീസുകാരൻ വധിക്കപ്പെട്ടു. ഇതിനുകാരണം ഈ നാമമാത്ര ഉലമാ മുസ്ലിം മനസ്സുകളിൽ ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം ഇടുന്നതിനു പകരം അവർക്ക് തെറ്റായ മാർഗദർശനം നല്കി അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ചിന്താഗതികൾ ഉണ്ടാക്കിയിരിക്കുന്നു എന്നതാണ്.**

**ഈ നടന്നുകൊണ്ടിരിക്കുന്ന കൊലയുടേയും കൊള്ളയുടേയും പ്രവർത്തനം നിരപരാധികളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനം നമ്മൾ എല്ലാ സ്ഥലങ്ങളിലും ശക്തമായി തടയേണ്ടതുണ്ട്. അതിന്നെതിരിൽ ശബ്ദം ഉയർത്തേണ്ടതുണ്ട്. ഈ കെടുതികൾ ബാധിക്കുന്നവരോടു സഹതാപം കാണിക്കേണ്ടത് നമ്മുടെ ജോലിയാണ്.**

---

**അല്ലാഹുവിന്റെ മസീഹിനാൽ വിതയ്ക്കപ്പെട്ട ആ വിത്ത് അവന്റെതന്നെ കൃപയാൽ പുഷ്പിക്കുകയും കായ്ക്കുകയും വളരുകയും ചെയ്തുകൊണ്ടു പോകുന്നു. നമ്മൾ അതിന്റെ പച്ചപ്പുള്ള ശാഖകളാകണമെങ്കിൽ, എഴുത്തുകളിലൂടേയും കർമങ്ങളിലൂടേയും അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയും നമ്മുടെ കർമങ്ങളും മനുഷ്യകുലത്തോടുള്ള സഹതാപവും സ്നേഹവും നമ്മുടെ എല്ലാ കർമങ്ങളിലും കാണാൻ കഴിയുമാറാക്കിത്തീർക്കേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമ്മുടെ ജോലിയാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ജുമുഅ ഖുത്ബ 2017 മാർച്ച് 24/1396 അമാൻ 24**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ.
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

ഇന്നലെ മാർച്ച് 23 ആയിരുന്നു. മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ദിനമാണ്. കാരണം ആ ദിവസമാണ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനീ(അ) ഔദ്യോഗികമായി ബയ്അത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിട്ടത്. ആ മഹാത്മാവ് പറഞ്ഞു:'നബി(സ) തിരുമേനി സുവാർത്ത അറിയിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഞാനാകുന്നു.' ആ മഹാത്മാവ് പറഞ്ഞു, 'തൗഹീദ് സ്ഥാപിച്ച് ദൈവ സ്നേഹം ജനമനസ്സുകളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.' ആ മഹാത്മാവ് പറഞ്ഞു:'യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ ഭൂമിയുടെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്ന സൽപ്രകൃതക്കാരായ ആ എല്ലാ ആത്മാക്കളേയും തൗഹീദിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റെ ദാസരെ ഏകമതത്തിൽ സംഘടിപ്പിക്കുന്നതിനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതിനുവേണ്ടി ഞാൻ ലോകത്ത് അയക്കപ്പെട്ടിരിക്കുന്നു. അതിനാൽ മൃദുലഭാവത്തിലും സൽസ്വഭാവത്തിലും പ്രാർഥനകളിലും സമ്മർദ്ദം ചെലുത്തിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക.(അൽവസിയ്യത്ത്, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 306-307)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ സ്ഥാനവും പദവിയും നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനെ സത്യസന്ധമായി സ്നേഹിച്ചതുകൊണ്ടുമാണ് എനിക്ക് ലഭിച്ചത്. അതുകൊണ്ട് ആ റസൂലിനെ സ്നേഹിക്കാനും ആ മഹാത്മാവിനെ പിൻപറ്റാനുമാണ് മുഴുലോകത്തിനുമുള്ള സന്ദേശം. ഇതുമുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധവും ഉണ്ടാകുന്നതാണ്. യഥാർഥ മുവഹ്ഹിദും അതായത് ഏകദൈവവിശ്വാസിയും ആയിത്തീരുന്നതാണ്.' അവിടന്ന് പറയുന്നു:'മുഴുവൻ ആദം സന്തതികൾക്കും മുഹമ്മദ്

മുസ്തഫാ(സ)അല്ലാതെ ഇപ്പോൾ ഒരു റസൂലോ ശിപാർശകനോ ഇല്ല.

അതിനാൽ നിങ്ങൾ ഈ പ്രതാപശാലിയായ നബിയോടു ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിന് അദ്ദേഹത്തിനു പുറമെ മറ്റൊരാൾക്കും ഒരു തരത്തിലുള്ള മഹത്ത്വവും നിങ്ങൾ നല്കുരുത്. മരിച്ചതിനുശേഷം വെളിപ്പെടുന്ന ഒന്നല്ല മോക്ഷമെന്ന് ഓർക്കുക. പ്രത്യുത യഥാർഥ മോക്ഷം ഈ ലേകത്തുതന്നെ അതിന്റെ വെളിച്ചം കാണിക്കുന്നു. ആരാണ് മോക്ഷപ്രാപ്തൻ? ദൈവം സത്യമാണെന്നും മുഹമ്മദ് മുസ്തഫാ(സ) അവന്റേയും മുഴുവൻ സൃഷ്ടികളുടേയും ഇടയ്ക്കുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിൻകീഴിൽ അദ്ദേഹത്തിന് സമാനനായി മറ്റൊരു റസൂലില്ലെന്നും വിശുദ്ധ ഖുർആനു സമാനമായി മറ്റൊരു ഗ്രന്ഥമില്ലെന്നും ആരും എന്നെന്നും ജീവിച്ചിരിക്കാൻ അല്ലാഹു ആഗ്രഹിച്ചിട്ടില്ലെങ്കിലും ഈ തിരഞ്ഞെടുക്കപ്പെട്ട നബി എന്നെന്നും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായി വിശ്വസിക്കുന്നവൻതന്നെ.'(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 13-14)

ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ നബി(സ)തിരുമേനിയുടെ സ്ഥാനവും ആ മഹാത്മാവിനോടുള്ള സ്നേഹവും. ഇതെപ്പോഴും ആ മഹാത്മാവ് പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഈ സ്നേഹവും സ്ഥാനവും എപ്പോഴും തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണെന്ന് തന്നെ വിശ്വസിച്ചവരോടും ആ മഹാത്മാവ് ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദും(അ)അദ്ദേഹത്തെ വിശ്വസിക്കുന്നവരും നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ നബി(സ)തിരുമേനിയുടെ ദർജ കുറയ്ക്കുന്നവരാണെന്ന് പറയുന്നവർ ളാലിമാണ്. ഈയിടെയായി അൽജീരിയായിലും അഹ്മദികളുടെമേൽ ഈ ആക്ഷേപം ഉന്നയിക്കുന്നു. ആക്ഷേപം ഉന്നയിച്ച് ജയിലറകളിൽ അടയ്ക്കുന്നു. ഇപ്പോൾ സ്ത്രീകളുടെ മേലും അവർ കൈവെക്കാൻ തുടങ്ങിയിരിക്കുകയാണ്. അവർക്കെതിരിലും കേസെടുക്കാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകളെ, കുറച്ചുമാസം മാത്രം പ്രായമായ അവരുടെ കൈക്കുഞ്ഞുങ്ങളേയും കൂട്ടി മണിക്കൂറുകൾ യാത്ര ചെയ്യിച്ച് കേസിനായി മറ്റു നഗരങ്ങളിൽ കൊണ്ടുപോകുന്നു. കേസെടുക്കുകയും ജയിലിൽ അടക്കുകയും ചെയ്യുന്നു. പക്ഷേ, സ്ത്രീകളും, മസീഹ് മൗഊദിനെ തങ്ങൾ വിശ്വസിക്കുകയും വിശ്വസിച്ചതിനുശേഷം തങ്ങൾക്ക് യഥാർഥ തൗഹീദും നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും ആ മഹാത്മാവിനോടുള്ള യഥാർഥ സ്നേഹവും അറിയാൻ കഴിഞ്ഞെന്നും തങ്ങൾക്കെങ്ങനെയാണ് ഈമാനിൽ നിന്ന് പന്നോട്ടുപോകാൻ കഴിയുക? എന്നുള്ള സന്ദേശമാണ് എനിക്ക് അയക്കുന്നത്. അല്ലാഹു ആ അഹ്മദികൾക്ക് എളുപ്പം പ്രദാനം ചെയ്യുമാറാകട്ടെ എന്ന് നമ്മൾ ദുആ ചെയ്യുന്നതിനോടൊപ്പം അല്ലാഹു ആ രാജ്യത്തിലെ മുസ്ലീംകൾക്ക് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തൗഹീദിന്റെ സംസ്ഥാപനത്തിനും ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനുംവേണ്ടി വന്ന നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നതിനുള്ള തൗഫീഖ് കിട്ടുന്നതിനും ദുആ ചെയ്യുക. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും തൗഹീദിന്റെ സംസ്ഥാപനത്തിനുള്ള ആവേശത്തിന്റേയും ഒരു മിന്നലാട്ടം ആ മഹാത്മാവിന്റെ വാക്കുകളിൽനിന്ന് ലഭിക്കുന്നുണ്ട്. ആ മഹാത്മാവ് അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ടു പറയുന്നു:'നോക്കൂ, പക്ഷി അതിന്റെ കൂട്ടിലേക്ക് വരുന്നതുപോലെ എന്റെ ആത്മാവ് അങ്ങേയറ്റം ഭരമേല്പിക്കലോടുകൂടി നിന്നിലേക്ക് പറന്നുവന്നുകൊണ്ടിരിക്കുന്നു. ഞാൻ നിന്റെ ശക്തിപ്രഭാവത്തിന്റെ ദൃഷ്ടാന്തം കാണാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്കുവേണ്ടിയല്ല. എന്റെ അന്തസ്സ് ആഗ്രഹിച്ചുകൊണ്ടുമല്ല. നിന്നെ ജനങ്ങൾ തിരിച്ചറിയുന്നതിനും നിന്റെ പരിശുദ്ധമായ വഴി സ്വീകരിക്കുന്നതിനും നീ അയച്ചയാളെ നിഷേധിച്ചുകൊണ്ട് സന്മാർത്തിൽനിന്ന് അകന്നുപോകാതിരിക്കാൻ വേണ്ടിയുമാണ്. നീയാണ് എന്നെ അയച്ചതെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്നെ പിന്തുണച്ചുകൊണ്ട് വലിയ വലിയ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ പ്രവചനത്തിന്റെ തിയതികളനുസരിച്ച് സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടാകാൻ കല്പന നല്കി. ഞാൻ നിന്നെ തിരിച്ചറിയുന്നു. നീ തന്നെയാണ് എന്റെ അല്ലാഹു. അതുകൊണ്ട് എന്റെ ആത്മാവ് നിന്റെ പേരു കേൾക്കുമ്പോൾ മുലകുടിക്കുന്ന കുഞ്ഞ് തന്റെ ഉമ്മയെ കാണുമ്പോൾ തുള്ളിച്ചാടുന്നതുപോലെ തുള്ളിച്ചാടുന്നു. പക്ഷേ, അധികമാളുകളും എന്നെ തിരിച്ചറിഞ്ഞില്ല. സ്വീകരിച്ചതുമില്ല.'(തിർയാഖുൽ ഖുലൂബ്,റൂഹാനീ ഖസായിൻ വാല്യം 15 പേജ് 511)

അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ മഹത്ത്വവും സ്ഥാപിക്കുന്നതിനുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആവേശം കാണുന്നതിനോടൊപ്പം മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ആ മഹാത്മാവിന്റെ അസ്വസ്ഥതകളുടെ ശക്തമായ പ്രകടനവും കാണാൻ കഴിയുന്നു. അതെന്തുകൊണ്ട് ഉണ്ടാകുകയില്ല. അവിടന്ന് തന്നെയാണല്ലോ അവസാന കാലത്ത് നബി(സ)തിരുമേനിയുടെ ദാസ്യത്തിൽ അല്ലാഹുവിനോടുള്ളസ്നേഹം മനസ്സുകളിൽ സ്ഥാപിക്കുന്നയാളും, സ്വയം സ്ഥാപിക്കുന്നയാളാണെന്ന് മാത്രമല്ല അവിടന്ന് തന്നെയും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ മുങ്ങിയിരുന്നയാളുമാണ്. അല്ലഹുവിനോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും തീപ്പൊരി മറ്റുള്ളവരുടെ മനസ്സുകളിലും ഉണ്ടാകണമെന്ന തിളപ്പ് ആ മഹാത്മാവിന് എത്രത്തോളമായിരുന്നു. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:'സർവശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരുവിൻ! ഇതു നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്ന് ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ.'(റൂഹാനീ ഖസായിൻ വാല്യം 19 പേജ് 21-22, കശ്തിയെനൂഹ്).

ഈ വാക്കുകളുടെ അടിത്തട്ടിൽ എത്രമാത്രം വേദനയാണുള്ളത്. എന്നല്ല ഓരോവാക്കിലും വേദനയുടെ പല വശങ്ങൾ മറഞ്ഞിരിക്കുന്നുവെന്ന് പറയണ്ടതാണ്. ഓരോ വാക്കിലും പല തളികകളുണ്ട്. ഓരോ തളികയിലും വേദനയുണ്ട്. അവയുടെ ആഴത്തിൽ ഓരോരുത്തർക്കും തങ്ങളുടെ ബുദ്ധിയും ഗ്രാഹ്യവും അനുസരിച്ച് പോകാൻ കഴിയും. പക്ഷേ, ഏതു പരിധിവരെ ആര് തന്റെ കഴിവുകളനുസരിച്ച് എത്തുന്നുവോ അവൻ ആത്മീയതയിൽ അസാധാരണമായ ഉന്നതിയും അസാധാരണമായ അഭിവൃദ്ധിയും കരസ്ഥമാക്കുന്നവനായിരിക്കും. പിന്നീട് അല്ലാഹുവിനോടുള്ള ആരാധനയും അല്ലാഹുവിനോടുള്ള സ്നേഹവും ഉപദേശിച്ചുകൊണ്ട് പറയുന്നു:'നിങ്ങൾ അല്ലാഹുവിന്റേതായിത്തീരുമെങ്കിൽ തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക അല്ലാഹു നിങ്ങളുടേതുതന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പൾ അല്ലാഹു നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കും. നിങ്ങൾ ശത്രുക്കളെ സംബന്ധിച്ച് അശ്രദ്ധരാകുമ്പോൾ അല്ലാഹു അവരെ നോക്കുന്നതാണ്. അവരുടെ ഗൂഢപദ്ധതികൾ തകർക്കുന്നതാണ്. നിങ്ങളുടെ അല്ലാഹുവിൽ എന്തെന്തെല്ലാം ശക്തിപ്രഭാവങ്ങളാണുള്ളതെന്ന് നിങ്ങൾക്കു ഇപ്പോഴും അറിയുകയില്ല. നിങ്ങളറിയുമായിരുന്നെങ്കിൽ ലോകത്തിനുവേണ്ടി കഠിനമായി വിലപിക്കുന്ന ദിവസങ്ങളൊന്നും നിങ്ങൾക്കു വരുമായിരുന്നില്ല. ഒരു ഖജനാവ് കൈവശമുള്ളവൻ ഒരു പൈസ നഷ്ടപ്പെട്ടാൽ കരയുകയും നിലവിളിക്കുകയും നശിക്കാൻ പോകുകയും ചെയ്യുമോ? നിങ്ങളുടെ എല്ലാ ഓരോ ആവശ്യത്തിന്റെ നേരത്തും പ്രയോജനപ്പെടുന്ന ആ ഖജനാവിനെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരുന്നെങ്കിൽ നിങ്ങൾ ദുൻയാവിനുവേണ്ടി ഇങ്ങനെ അസ്വസ്ഥരാകുമോ? അല്ലാഹു ഒരു പ്രിയപ്പെട്ട ഖജനാവാകുന്നു. അവനെ വിലമതിക്കുക. അവൻ നിങ്ങളുടെ ഓരോ ചുവടിലും നിങ്ങളെ സഹായിക്കുന്നവനാണ്. അവനെക്കൂടാതെ നിങ്ങൾ ഒരു വസ്തുവുമല്ല. നിങ്ങളുടെ കാര്യഹേതുക്കളും പ്ലാനുകളുമൊന്നും ഒന്നുമല്ല.' പറയുന്നു:'പൂർണമായും ഭൗതിക സാധനസാമഗ്രികളിൽ വീഴപ്പെട്ടിരിക്കുന്ന അന്യസമുദായക്കാരെ അനുകരിക്കരുത്. (ഭൗതികതയും ലൗകികതയുമല്ലാതെ അവരുടെ പക്കൽ മറ്റൊന്നുമില്ല). പാമ്പ് മണ്ണുതിന്നുതുപോലെ അവർ താഴെക്കിടയിലുള്ള സാധനസാമഗ്രികളുടെ മണ്ണു തിന്നു. കഴുകനും നായയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചു. അവർ അല്ലാഹുവിൽനിന്ന് വളരെ ദൂരെ പോയി വീണു."

പറഞ്ഞു. "ഞാൻ നിങ്ങളെ മധ്യമനിലവരെ ഉപായങ്ങൾ സ്വീകരിക്കുന്നതിൽനിന്ന തടയുന്നില്ല. (ജോലി ചെയ്യാൻ സാധനസാമഗ്രികൾ ഉപയോഗിക്കുന്നതിൽനിന്ന്, ഭൗതിക വസ്തുക്കൾ ഉപയോഗിക്കുന്നതിൽനിന്ന് തടയുന്നില്ല).പ്രത്യുത അന്യസമുദായക്കാരെപ്പോലെ വെറും സാധനസാമഗ്രികളുടെ അടിമകളാകുന്നതിൽ നിന്നും സാധനസാമഗ്രികളും സംഘടിപ്പിച്ചുതരുന്ന ദൈവത്തെ വിസ്മരിക്കുന്നതിൽനിന്നുമാണ് തടയുന്നത്. (ഈ പ്രവർത്തനമാധ്യമങ്ങളും ഭൗതിക വസ്തുക്കളും അവൻതന്നെയാണ് നിങ്ങൾക്കു സംഘടിപ്പിച്ചുതരുന്നത്. അതിനുമേൽ വീഴാതെ അല്ലാഹുവിലേക്ക് നോക്കുക.) പറഞ്ഞു, നിങ്ങൾക്കു കണ്ണുണ്ടെങ്കിൽ അല്ലാഹു മാത്രമേയുള്ളുവെന്നും മറ്റുള്ളതെല്ലാം പാഴ് വസ്തുക്കളാണെന്നും നിങ്ങൾ കാണുന്നതാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 21-22)

അതിനാൽ ഇതാണ് അല്ലാഹുമായുള്ള ബന്ധം. ഇതാണ് നമ്മൾ കരസ്ഥമാക്കേണ്ടതും നിലനിറുത്തേണ്ടതും. ഈ നിലവാരം കരസ്ഥമാക്കണമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വിശ്വസിക്കുന്നവരിൽനിന്ന് ആഗ്രഹിക്കുന്നത്.

ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ തൗഹീദിന്റെ സംസ്ഥാപനത്തിന്റേയും ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റേയും ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)തിരുമേനിയുടെ അനുധാവനത്തിലും ആ മഹാത്മാവിനോടുള്ള അനുരക്തിയും സ്നേഹവും കൊണ്ടുമാണ് ലഭിച്ചത്. ഈ അനുരക്തിയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ നമുക്ക് ആ മഹാത്മാവിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്. അതിനെ സംബന്ധിച്ച് ധാരാളം സംഭവങ്ങളുണ്ട്.

ഒരു സംഭവം നിവേദകൻ വിവരിക്കുന്നു.ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തനിച്ച് മസ്ജിദ് മുബാറക്കിന്റെ മുകളിൽ ഉലാത്തുകയായിരുന്നു. എന്തോ മൂളുന്നുണ്ടായിരുന്നു. അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുമുണ്ടായിരുന്നു. എന്തു വിഷമമാണ് ഹുദൂറിന് ഉണ്ടായതെന്ന് നിവേദകൻ ചോദിച്ചപ്പോൾ പറഞ്ഞു:'നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്ത് ചൊല്ലിയ ഈ കവിതാശകലം ചൊല്ലുകയായിരുന്നു.

കുൻതുസ്സവാദ ലിനാളിരീ
ഫഅമീ അലയ്ക്കന്നാളിറു
മൻ ശാഅ ബഅ്ദുക്ക ഫൽയമുത്
ഫഅലയ്ക്ക കുൻതു ഉഹാദിറു

അതായത് അല്ലാഹുവിന് പ്രിയപ്പെട്ട റസൂലേ! അങ്ങ് എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. ഇന്ന് അങ്ങ് വഫാത്തായകാരണത്താൽ അത് അന്ധയായിത്തീർന്നു. ഇനി അങ്ങേയ്ക്കുശേഷം ആരു വേണമെങ്കിലും മരിച്ചോട്ടെ. എനിക്ക് അങ്ങയുടെ മരണത്തെ കുറിച്ചുള്ള ആശങ്കയായിരുന്നു ഉണ്ടായിരുന്നത്. അതാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ഞാൻ ഈ പദ്യശകലം ചൊല്ലുമ്പോൾ എന്റെ മനസ്സിൽ ആഹ്! ഈ പദ്യം എന്റെ നാവിൽനിന്ന് പുറപ്പെട്ടിരുന്നെങ്കിലെന്ന് ആശിച്ചുപോയി. ഈ പദ്യം ചൊല്ലിയപ്പോൾ അവിടത്തെ നയനങ്ങളിൽനിന്ന് ഇടമുറിയാതെ പുറപ്പെട്ട കണ്ണുനീർ വിളിച്ചോതിയത് ആ മഹാത്മാവിന്റെ മാനസികാവസ്ഥയായിരുന്നു. ഈ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനത്തിന്റെ അടുത്തുപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്വയം നബി(സ)തിരുമേനിയെക്കാൾ സ്ഥാനം തനിക്കു നല്കി നഊദുബില്ലാഹ് എന്നു പറഞ്ഞ് ആക്ഷേപം

ഉന്നയിക്കുന്നവർക്ക് എത്താൻ കഴിയുമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആ മാനസികമായ വികാരം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വളരെ വേദനാജനകമായ രീതിയിൽ കോറിയിട്ടിരിക്കുന്നു. എല്ലാതരത്തിലുള്ള ബലാൽക്കാരവും ഞെരുക്കവും അനുഭവിക്കുകയും, ഏതൊരുളുടെമേൽ എതിരാളികൾ അസംഖ്യം പൊടിക്കാറ്റുകൾ പാറിക്കുകയും നിരവധി ബുദ്ധിമുട്ടുകളിലൂടേയും പീഢനങ്ങളിലൂടേയും കടന്നുവരികയും-വധശ്രമക്കേസുകളും അദ്ദേഹത്തിന്നെതിരിലുണ്ടായി പ്രിയപ്പെട്ടവരും അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും എവിടംവരെയെന്നാൽ കുട്ടികളുടെ മരണത്തിന്റെ ദൃശ്യങ്ങൾവരെ കണ്ടു- പക്ഷേ, ആ മഹാത്മാവിന്റെ അടുത്ത് വസിച്ചിരുന്നവർ ഒരിക്കലും അവിടത്തെ മുഖത്തും കണ്ണുകളിലും ആ മഹാത്മാവിന്റെ ഹൃദയവികാരങ്ങളുടെ പ്രകടനം കണ്ടില്ല. പക്ഷേ, റസൂലിനോടുള്ള അനുരക്തിയുടെ പ്രകടനത്തിന്റെ അവസരം വന്നപ്പോൾ ആ മഹാത്മാവിന്റെ നയനങ്ങൾ വെള്ളപ്പൊക്കംപോലെ ഒഴുകി.'(സീറത്തെ ത്വയ്യിബ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പേജ് 28-30)

നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ അവിടത്തെ ഗ്രന്ഥങ്ങളിലും മൽഫൂദാത്തുകളിലും ധാരാളമായി ലഭിക്കുന്നുണ്ട്. ഒരു സ്ഥലത്ത് ഇസ്ലാമിന്റെ ശത്രുക്കൾ നബി(സ)തിരുമേനിയെ പരിഹസിക്കുന്ന സംസാരങ്ങൾ കേട്ട് തന്റെ ഹൃദയാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് അവിടന്ന് പറഞ്ഞു:'നമ്മുടെ നബി(സ) തിരുമേനിയെ സമ്പന്ധിച്ചുള്ള അവരുടെ പരിഹാസ വാക്കുകൾ എന്റെ മനസ്സിനെ ഇത്രമാത്രം വിഷമിപ്പിച്ചതുപോലെ ഒരു കാര്യവും ഇതുവരെ എന്നെ വിഷമിപ്പിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ പരിശുദ്ധമായ പ്രൗഢിക്കെതിരിൽ അവർ പറഞ്ഞുകൊണ്ടിരിക്കുന്ന മനസ്സിനെ വ്രണപ്പെടുത്തുന്ന അവരുടെ കുത്തുവാക്കുകൾ എന്റെ ഹൃദയത്തിന് ആഴത്തിലുള്ള മുറിവേല്പിച്ചിരിക്കുന്നു. അല്ലാഹുവാണ! എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും പിന്തുണക്കാരും എന്റെ കൺമുമ്പിൽ അറുകൊല ചെയ്യപ്പെട്ടാലും എന്റെ തന്നെ കൈയും കാലും വെട്ടിമുറിച്ചാലും എന്റെ കണ്ണിന്റെ കൃഷ്ണമണി ചൂഴ്ന്നെടുത്തെറിഞ്ഞാലും എന്റെ എല്ലാ ഉദ്ദേശ്യങ്ങളിൽനിന്നും ഞാൻ തടയപ്പെട്ടാലും എന്റെ എല്ലാ സന്തോഷങ്ങളും എല്ലാ ആനന്ദങ്ങളും കളഞ്ഞുകുളിച്ചാലും ഇക്കാര്യങ്ങൾക്കെല്ലാം എതിരിൽ നബി(സ)തിരുമേനിയുടെ മേൽ അവിശുദ്ധ ആക്രമണം നടത്തുന്നതായിരിക്കും എനിക്കുള്ള അസഹനീയമായ ദുഃഖം. അതിനാൽ ആകാശത്തുള്ള എന്റെ യജമാനനായിട്ടുള്ളവനേ! നീ ഞങ്ങളുടെമേൽ നിന്റെ കാരുണ്യത്തിന്റേയും സഹായത്തിന്റേയും ദൃഷ്ടി പതിപ്പിച്ചാലും. ഞങ്ങളെ ഈ വലിയ പരീക്ഷണങ്ങളിൽനിന്ന് മോചിപ്പിച്ചാലും."(ആയിനയെ കമാലാത്തെ ഇസ്ലാം റൂഹാനീ ഖസായിൻ വാള്യം 5 പേജ് 15 അറബി വാക്യങ്ങളുടെ ഉർദു തർജമ)(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പേജ് 43-44)

ഇത്തരത്തിലുള്ള വികാരങ്ങൾ പ്രകടിപ്പിക്കുന്നവരായി ആരെങ്കിലുമുണ്ടോ? അനുരക്തിയുടേയും സ്നേഹത്തിന്റേയും വാദം പുറപ്പെടുവിക്കുന്നവർ ധാരാളമുണ്ട്. രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്മെ നുബുവ്വത്തിന്റേയും പേരിൽ ഫിത്നയും ഫസാദും കൊല്ലും കൊള്ളയും നടത്തുന്നവരും ഒരുപാടുണ്ട്. അവർ നബി(സ)തിരുമേനിയുടെ പദവി ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും ഇസ്ലാമിനേയും വിശുദ്ധ ഖുർആനേയും ലോകത്ത് പ്രചരിപ്പിക്കുന്നതിനും എന്ത് ശ്രമമാണ് ചെയ്തിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ വെറും നാവുകൊണ്ടുള്ള വാദമല്ല. പ്രത്യുത ആ മഹാത്മാവുമായി ബന്ധമുള്ളവരും അന്യരും നബി(സ)തിരുമേനിയോടുള്ള ആ മഹാത്മാവിന്റെ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം അവിടത്തെ മനസ്സിന്റെ ശബ്ദമായിരുന്നുവെന്നും അവിടത്തെ എല്ലാ കർമങ്ങളിൽനിന്നും അതു സ്ഥാപിതമാകുന്നുണ്ടെന്നും സാക്ഷ്യം പറയുന്നു.

ഇതു പ്രകടിപ്പിച്ചുകൊണ്ട് അമൃതസറിലെ അനഹ്മദികളുടെ പാത്രമായ 'വക്കീൽ' ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ എഴുതി: 'മിർസാ സാഹിബിന്റെ വിയോഗത്തിൽ ഒരു മഹാവ്യക്തിയാണ് തങ്ങളിൽനിന്ന് വേർപെട്ടു പോയതെന്നും അതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരായി ഇസ്ലാമിനുവേണ്ടി നടത്തിയിരുന്നതും അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതുമായ ആ മഹത്തായ പ്രതിരോധത്തിന്റെ അവസാനമെത്തിയിരിക്കുന്നുവെന്നും മുസ്ലിംകൾക്ക്- അതേ, അഭിജ്ഞരും ചിന്താശീലരുമായ മുസ്ലിംകൾക്ക്- മനസ്സിലായിട്ടുണ്ട്. മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹിമയും ഹൃദയപൂർവം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഭാവിയിൽ നമ്മുടെ പ്രതിരോധത്തിന്റെ പ്രവർത്തനം എത്രതന്നെ വിപുലമായിരുന്നാലും (ഇസ്ലാമിനെ ശത്രുക്കളിൽനിന്ന് പ്രതിരോധിച്ചു നിറുത്തുന്ന അവസ്ഥ എത്രതന്നെ വിശാലമായാലും) അദ്ദേഹത്തിന്റെ കൃതികളെ അഖണ്ഡ്യമാക്കുക സാധ്യമല്ലെന്നുള്ള വാദത്തിന് ആ കൃതികൾത്തന്നെ പ്രത്യക്ഷമായ തെളിവാണ്." (സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 45-46)

ഇതെല്ലാം അദ്ദേഹം ചെയ്തത് ഇസ്ലാം അല്ലാഹുവിന്റെ അവസാന ദീനും സമ്പൂർണവും തികവുറ്റതുമാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു.നബി(സ)തിരുമേനിയോടുള്ള അനുരക്തി കാരണത്താൽ അവിടത്തെ പദവി അംഗീകരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. നബി(സ)തിരുമേനിയുടെ സ്ഥാനം തന്നെയാണ് യഥാർഥ സ്ഥാനം എന്ന് ലോകത്തോടു പറയുന്നതിനുവേണ്ടിയായിരുന്നു. മുഴുലോകത്തിനും മതലോകത്തെ മതങ്ങളുടെമേലും മുഹമ്മദിന്റെ മതംപോലെ ഒരു മതവുമില്ലെന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയായിരുന്നു.

ആക്ഷേപം ഉന്നയിക്കുന്നവർ ആ മഹാത്മാവിന് നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം വായിക്കുക. അതിൽ ചിന്തിക്കുക. ഇല്ലെങ്കിൽ കേവലം ആക്ഷേപം അജ്ഞതയുടെ അടയാളമാണ്. അവിടന്ന് ഒരു കൂറുപുലർത്തുന്ന ശിഷ്യനേയും നന്മയുള്ള സേവകനേയുംപോലെ തനിക്കു കിട്ടിയതെല്ലാം തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടെ കടാക്ഷവും ആ മഹാത്മാവിനെ പിൻപറ്റിയതിലൂടേയുമാണെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു. ഇതു പ്രകടിപ്പിച്ചുകൊണ്ട് അവിടന്ന് ഒരിടത്തു പറയുന്നു: 'ഇബ്റാഹീമിനോടു സംസാരിക്കുകയും സംബോധന ചെയ്യുകയും പിന്നീട് ഇസ്ഹാഖിനോടും ഇസ്മായീലിനോടും യഅ്ഖൂബിനോടും യൂസുഫിനോടും മൂസായോടും മസീഹ് ബിൻ മർയമിനോടും എല്ലാവർക്കുംശേഷം നമ്മുടെ നബി(സ)തിരുമേനിയോടും ഭാഷണം നടത്തുകയും-ആ നബിയുടെ മേൽ ഏറ്റവും കൂടുതൽ വ്യക്തവും പരിശുദ്ധവുമായ വഹ്യാണ് ഇറക്കിയത്- ചെയ്ത ആ അല്ലാഹുവിനെ സത്യംചെയ്തുകൊണ്ട് ഞാൻ പറയുന്നു, അതുപോലെതന്നെ അവൻ എനിക്കും തന്റെ ഭാഷണത്തിന്റേയും സംബോധനയുടേയും ഭാഗ്യം പ്രദാനം ചെയ്തു. എന്നാൽ, മാഹാത്മ്യം എനിക്ക് കേവലം നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടണ് കരസ്ഥമായത്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തി ആയിരുന്നില്ലെങ്കിൽ, ആ മഹാത്മാവിനെ പിൻപറ്റിയില്ലായിരുന്നെങ്കിൽ ലോകത്തിലെ മുഴുവൻ പർവതങ്ങൾക്കും തുല്യം എന്റെ കർമങ്ങളുണ്ടായാലും ഒരിക്കലും ഞാൻ ഭാഷണത്തിന്റേയും സംബോധനയുടേയും ആ മാഹാത്മ്യം പ്രാപിക്കുമായിരുന്നില്ല.'(തജല്ലിയാത്തെ ഇലാഹിയ്യ റൂഹാനീ ഖസായിൻ വാള്യം 20 പേജ് 411-412)

ഇക്കാര്യങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവൻ അക്രമിയും അജ്ഞനും കുഴപ്പമുണ്ടാക്കുന്നവനുമാണെന്നല്ലാതെ ഒന്നും പറയാൻ സാധ്യമല്ല. ഈ വലിയ വലിയ ഉലമാ ആയി ചുറ്റിക്കറങ്ങിനടക്കുന്നവരുടെ കാര്യം ഇപ്പോൾ അല്ലാഹുവിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം തൗഹീദിന്റെ സംസ്ഥാപനവും നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും വ്യക്തമാക്കി ലോകത്തെ ആ മഹാത്മാവിന്റെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നതാണ്. അതിനോടൊപ്പം സൃഷ്ടികളോടുള്ള കടമനിർവഹിക്കുകയും സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള വാത്സല്യത്തിന്റേ ഗ്രാഹ്യം നല്കുകയും അവരെക്കൊണ്ട് അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയുമാണ്. അവിടന്ന് ബയ്അത്തിന്റെ നിബന്ധനകളിലും ഈ നിബന്ധന വെക്കുകയുണ്ടായി. എന്നല്ല രണ്ടു നിബന്ധനകൾ നേരിട്ട് ഇതുമായി ബന്ധപ്പെട്ടതാണ്. നാലാമത്തെ നിബന്ധനയിൽ അവിടന്ന് പറഞ്ഞു, 'ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ട് ആർക്കുംതന്നെ-ലോകത്തിനു പൊതുവേയും മുസ്ലിം സമുദായത്തിന് പ്രത്യേകിച്ചും -നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല. ഒമ്പതാമത്തെ നിബന്ധന ഇതാണ്:'പൊതുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനംവരെ മനുഷ്യകുലത്തിന് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.'(ഇസാലയെ ഔഹാം റൂഹാനീ ഖസായിൻ വാള്യം 3 പേജ് 564)

ഇതനുസരിച്ച് ഇസ്ലാമികാധ്യാപനങ്ങൾ സ്മരിച്ചുകൊണ്ടു അവിടന്ന് പറയുന്നു:'ദീനിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. ഒന്ന് മനുഷ്യകുലത്തിനെ എത്രമാത്രം സ്നേഹിക്കണമെന്നാൽ അവരുടെ മുസ്വീബത്തിനെ സ്വന്തം മുസ്വീബത്തായി മനസ്സിലാക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്യുക.'(നസീമെ ദഅ്വത്ത് റൂഹാനീ ഖസായിൻ വാള്യം 19 പേജ് 464)

വീണ്ടും അവിടന്ന് പറയുന്നു:ഇസ്ലാമികാധ്യപനങ്ങളുടെ അടിസ്ഥാനത്തിൽ ദീനെ ഇസ്ലാമിന് വെറും രണ്ടു ഭാഗമാണുള്ളത്.അല്ലെങ്കിൽ ഈ അധ്യാപനം രണ്ടു വലിയ ഉദ്ദേശ്യങ്ങൾ അടങ്ങിയതാണെന്ന് പറയാവുന്നതാണ്. ഒന്നാമത്തേത് അവിടന്ന് പറയുന്നു, ഏക ദൈവത്തെ അറിയുക. അവൻ യഥാർഥത്തിൽ ഉണ്ടെന്നതുപോലെ! അവനെ സ്നേഹിക്കുക. അവനെ സത്യമായി അനുസരിക്കുന്നതിൽ തന്നെത്തന്നെ ആക്കുക; അനുസരണത്തിന്റേയും സ്നേഹത്തിന്റേയും നിബന്ധന എന്നതുപോലെ! പിന്നീടു പറഞ്ഞു: രണ്ടാമത്തെ ഉദ്ദേശ്യം അവന്റെ ദാസരെ സേവിക്കുക. അവരോടുള്ള സഹതാപത്തിൽ തങ്ങളുടെ എല്ലാ കഴിവുകളേയും വിനിയോഗിക്കുക. എല്ലാവിധ ശക്തികളും കഴിവുകളും ചെലവഴിക്കുക. രാജാവു മുതൽ നിസാരനായ മനുഷ്യൻവരെ ഔദാര്യം ചെയ്യുന്നവന് നന്ദിയോടും പ്രത്യുപകാരത്തോടുംകൂടി പ്രതിഫലം ചെയ്യുക.'(തുഹ്ഫ ഖയ്സരിയ്യ റൂഹാനീ ഖസായിൻ വാള്യം 12 പേജ് 281)

അല്ലാഹുവിനോടുള്ള സ്നേഹത്തിനുശേഷം സൃഷ്ടികളോടു കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധ്യാപനമാണിത്. അല്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹം കാരണത്താൽ അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു എന്ന് പറയാവുന്നതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം അവസ്ഥയും കർമവും എന്താണ്. അവിടന്ന് എങ്ങനെ പ്രവർത്തിച്ചിരുന്നു. ഇതുവ്യക്തമാക്കിക്കൊണ്ട് ഒരു സ്ഥലത്ത് അവിടന്ന് പറയുന്നു,'ലോകത്ത് ആരും തന്നെ എന്റെ ശത്രുവല്ലായെന്നും സകല മുസ്ലീംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. അതായത് ഞാൻ അവരെ ശത്രുവായി മനസ്സിലാക്കുന്നില്ല. ആരേയും; എതിർപ്പു കാണിക്കുന്നവരേയും! ഒരു മാതാവ് തന്റെ മക്കളോടു എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു. കളവും പൊയ്ദൈവപൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതിയും ദുസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു.'(റൂഹാനീ ഖസായിൻ വാള്യം 17 പേജ് 344, അർബയീൻ നമ്പർ 1 പേജ് 2)

വീണ്ടും ഒരിടത്ത് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു, 'എല്ലാ ഓരോ വസ്തുവും അതിന്റെ വർഗത്തെ സ്നേഹിക്കുന്നു എന്നത് പ്രകടമാണ്. അതിന്റെ ഇനത്തിൽപ്പെട്ടതിനെ, തരത്തിൽപ്പെട്ടതിനെ സ്നേഹിക്കുന്നു. സ്വർഥതയൊന്നും ഇട

യിലില്ലെങ്കിൽ ഉറുമ്പുകളും ഉറുമ്പുകളെ സ്നേഹിക്കുന്നു. ആരാണോ അല്ലാഹുവിലേക്ക് വിളിക്കുന്നത് (ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിലേക്ക് വിളിച്ചുകൊണ്ടിരിക്കുകയാണ്)അയാളുടെ നിർബന്ധ കടമയാണ്, ഏറ്റവും കൂടുതൽ സ്നേഹിക്കുക എന്നത്. അതിനാൽ ഞാൻ മനുഷ്യകുലത്തെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നു. അതേ, അവരുടെ ദുഷ്കർമങ്ങളുടേയും എല്ലാ തരത്തിലുള്ള അക്രമങ്ങളുടേയും ആജ്ഞാലംഘനത്തിന്റേയും രാജ്യദ്രോഹത്തിന്റേയും ശത്രുവാണ് ഞാൻ. ആരുടെയെങ്കിലും വ്യക്തിത്വത്തിന്റെ ശത്രുവല്ല. അതുകൊണ്ട് എനിക്കു കിട്ടിയ ഖജനാവ് -അത് സ്വർഗത്തിലെ എല്ലാ ഖജനാവുകളുടേയും അനുഗ്രഹങ്ങളുടേയും താക്കോലാകുന്നു- അത് സ്നേഹാവേശത്താൽ മനുഷ്യകുലത്തിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. എനിക്കുകിട്ടിയ ധനം യഥാർഥത്തിൽ മുത്തിന്റേയും സ്വർണത്തിന്റേയും വെള്ളിയുടേയും ധനമാണ്. മോശമായ വസ്തുവല്ല. വളരെ എളുപ്പത്തിൽ അന്വേഷിച്ച് കണ്ടെത്താവുന്നതാണ്. അത് ഇതാണ്; അതായത് എല്ലാ ദിർഹമിലും ദീനാറിലും മുത്തുകളിലും സുൽത്വാന്റെ നാണയത്തിന്റെ അടയാളമുണ്ടാകുന്നു. അതായത് സുൽത്വാൻ രാജാവിന്റെ നാണയത്തിന്റെ അടയാളം. ഏതു രാജാവാണെന്ന്! മറ്റാരിലുമില്ലാത്ത ആ ദൈവികമായ സാക്ഷ്യങ്ങൾ എന്റെ പക്കലുണ്ട്. അല്ലാഹു എന്നെ പിന്തുണയ്ക്കുന്നു. എനിക്കുവേണ്ടി സാക്ഷി പറയുന്നു. പറഞ്ഞു, എല്ലാ മതങ്ങളിലും വച്ച് ഇസ്‌ലാം മതമാണ് സത്യമെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. എല്ലാ സന്മാർഗങ്ങളിലും വച്ച് കേവലം ഖുർആനിക സന്മാർഗമാണ് ആരോഗ്യത്തിന്റെ സമ്പൂർണ ദർജയിലും കലർപ്പുകളിൽനിന്ന് മുക്തവുമെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. "എല്ലാ റസൂൽമാരിലുംവച്ച് ഏറ്റവും പരിപൂർണവും ഏറ്റവും പരിശുദ്ധവും ജ്ഞാനനിർഭരവുമായ ഉപദേശങ്ങൾ നല്കിയ പ്രവാചകനും അത്യുൽകൃഷ്ടമായ മാനുഷികഗുണങ്ങൾ വെളിപ്പെടുത്തിയ പ്രവാചകനും നമ്മുടെ നബിനായകർ മുഹമ്മദു മുസ്തഫാ (സ)തിരുമേനിയാണെന്ന് എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു."(റൂഹാനീ ഖസായിൻ, വാള്യം 17, പേജ് 345, അർബയീൻ നമ്പർ 1 പേജ് 3) ഞാൻ അവനിൽനിന്നുള്ള മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ആന്തരികവും ബാഹ്യവുമായ അഭിപ്രായ ഭിന്നതകളുടെ വിധികർത്താവുമാണെന്ന് അല്ലാഹുവിന്റെ പരിശുദ്ധവും പരിപവിത്രവുമായ വെളിപാടുമുഖേന അറിയിക്കപ്പെട്ടിരിക്കുന്നു. എന്റെ പേര് മസീഹ് എന്നും മഹ്ദിയെന്നും വെക്കപ്പെട്ടിരിക്കുന്നത് ആ രണ്ടുപേരുകൊണ്ടും റസൂലുല്ലാഹി(സ) എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. അതുകൂടാതെ അല്ലാഹു തന്റെ നേരിട്ടുള്ള സംബോധനയിലൂടെ ഈ പേരു തന്നെയാണ് എനിക്കു വെച്ചിട്ടുള്ളത്. അതുപോലെ ഇക്കാലത്തെ അവസ്ഥയുടെ തേട്ടവും എന്റെ പേര് ഇതുതന്നെയായിരിക്കണമെന്നാണ്.'(അർബയീൻ നമ്പർ 1 റൂഹാനീ ഖസായിൻ വാള്യം 17 പേജ് 345)

ഇക്കാര്യങ്ങൾ വെറും എഴുതുന്നതിനുവേണ്ടി അവിടന്ന് എഴുതിയതല്ല. അല്ലെങ്കിൽ മനുഷ്യകുലത്തോടു തനിക്ക് സ്നേഹമുണ്ടെന്നും ഏറ്റവും കൂടുതൽ സ്നേഹമുണ്ടെന്നും പറഞ്ഞത് വെറും വാദവുമല്ല. അതിന്റെ കർമപരമായ പ്രകടനവും ആ മഹാത്മാവിന്റെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നു.

ഒരു ഭാഗത്ത് ആ മഹാത്മാവിന്റെ മസീഹും മഹ്ദിയുമാണെന്നുള്ള വാദമാണ്. ഈ വാദത്തിന്റെ സാക്ഷ്യത്തിനായി അല്ലാഹു ചില അടയാളങ്ങൾ വെളിപ്പെടുത്തുന്നു. അത് ആളുകൾക്ക് ആപത്തുകളുടെ രൂപത്തിലുണ്ടാകുമ്പോൾ അവിടന്ന് അസ്വസ്ഥനാകുന്നു. മൗലവി അബ്ദുൽകരീം സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടിന്റെതന്നെ ഒരു ഭാഗത്തായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം വിവരിക്കുന്നു. പ്ലേഗ് പടർന്നു പിടിച്ച ദിനങ്ങളിൽ, ഓരോദിവസവും അസംഖ്യമാളുകൾ അതിന്റെ ഇരയായിക്കൊണ്ടിരിക്കുകയും മരണവക്ത്രത്തിലേക്ക് പോയികൊണ്ടിരിക്കുകയും ചെയ്തപ്പോൾ മൗലവി അബ്ദുൽകരീം സാഹിബ് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ദുആ ചെയ്യുന്നത് ഞാൻ കേട്ടു. അതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഹദ്റത്ത് മൗലവി സാഹിബ് പറയുന്നു:ആ ദുആയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം എത്രമാത്രം വേദനാനിർഭരവും സങ്കടം നിറഞ്ഞതുമായിരുന്നുവെന്നാൽ കേൾക്കുന്നവർക്ക് അത് ഉത്കണ്ഠ ഉണ്ടാക്കുന്നതായിരുന്നു. അതുകേട്ട് അത്ഭുതകരമായ വൈകാരികാവസ്ഥ സംജാതമാകുമായിരുന്നു. പ്രസവവേദനകൊണ്ടു സ്ത്രീ അനിയന്ത്രിതമായി ഞരങ്ങുകയും നിലവിളിക്കുകയും ചെയ്യുന്നതുപോലെ അവിടന്ന് ദൈവസവിധത്തിൽ കരയുകയും വിലപിക്കുകയുമായിരുന്നു. മൗലവി സാഹിബ് പറയുന്നു:ഞാൻ അത് ശ്രദ്ധിച്ചുകേട്ടു. അല്ലാഹുവിന്റെ സൃഷ്ടികൾ പ്ലേഗിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അവിടന്ന് ദുആ ചെയ്യുകയായിരുന്നു. അല്ലാഹുവേ! ഈയാളുകൾ പ്ലേഗിന്റെ നാശത്തിൽ നശിക്കുകയാണെങ്കിൽ പിന്നെ നിന്നെ ആരാധിക്കാൻ ആരാണുണ്ടാകുക.'(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 54)

അതിനാൽ ചിന്തിച്ചുനോക്കുക. ഒരു പ്രവചനമനുസരിച്ച് എതിരാളികളുടെമേൽ ഈ ശിക്ഷ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അവിടന്ന് അത് അകന്നു പോകാൻ പ്രാർഥിക്കുന്നു. ആ ശിക്ഷ അകലുന്ന കാരണത്താൽ എതിരാളികൾ ബഹളമുണ്ടാക്കാനും സാധ്യതയുണ്ട്. അവിടത്തെ പ്രവചനം സംശയദൃഷ്ടിയോടെ കാണപ്പെടുകയും ചെയ്തേക്കാം. പക്ഷേ, മനുഷ്യകുലത്തോടുള്ള സഹതാപം അതൊന്നും വകവെച്ചില്ല. അവരെ ഈ അദാബിൽനിന്ന് രക്ഷിക്കണെ എന്നും ഈമാൻ സലാമത്താകുന്നതിന് മറ്റു വഴി കാണിക്കണെ എന്നും അവിടന്ന് ദുആ ചെയ്യുന്നു. ആ മഹാത്മാവ് സഹതാപം കാണിക്കേണ്ട നേരത്ത്, അത് കാണിച്ചില്ല എന്ന് എതിരാളികൾക്കും പറയാൻ കഴിയുകയില്ല. അതിനുള്ള ധാരാളം സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഒരു സംഭവം പറയാം.

മിനാരത്തുൽമസീഹിന്റെ നിർമാണ പ്രവർത്തനം തുടങ്ങിയപ്പോൾ തങ്ങളുടെ വീടുകളിൽ പർദയില്ലായ്മ ഉണ്ടാകും എന്ന് പറഞ്ഞ് ഹിന്ദുക്കൾ ബഹളമുണ്ടാക്കി. അതിനെ തുടർന്ന് സർക്കാറിൽനിന്ന് ഒരു മജിസ്ട്രേട്ട് അന്വേഷണത്തിന് വന്നു. അദ്ദേഹത്തോടു ഹദ്റത്ത് മസീഹ് മൗഊദ്(അ)എല്ലാ കാര്യങ്ങളും വിശദീകരിച്ചു പറഞ്ഞു. പറഞ്ഞു, ഇതൊരു അടയാളമെന്ന നിലയിലുള്ളതാണ്. ഇതിൽ വെളിച്ചം പിടിപ്പിക്കുന്നതാണ്. ഈപ്രദേശം പ്രകാശിക്കുന്നതാണ്. പർദയില്ലായ്മ ഒരിക്കലുമുണ്ടാകുകയില്ല. അവർക്ക് പർദയില്ലായ്മ ഉണ്ടാകുകയാണെങ്കിൽ നമ്മുടെ വീടുകളിലും പർദയില്ലായ്മ ഉണ്ടാകുന്നതാണ്. അതിനാൽ പർദയില്ലായ്മ ഉണ്ടാകുമെന്നത് തെറ്റായ തോന്നലാണ്. ഇതെല്ലാം നിരർഥമായ ഒഴികഴിവാണ്. മജ്സ്ട്രേട്ടിനോടൊപ്പം ലാല ബുഡ്ഢാമൽ എന്ന ഒരു ഹിന്ദു അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഇദ്ദേഹം ഇവിടെ ഖാദിയാനിൽ താമസിക്കുന്നയാളാണ്. ഞങ്ങളുടെ അയൽവാസിയാണ്. ഈ നഗരവാസിയാണ്. ഞാനെപ്പോഴും അയൽവാസികളേയും ദൈവസൃഷ്ടികളേയും ശ്രദ്ധിച്ചുപോരുന്നതാണെന്ന് ഇദ്ദേഹത്തിന്നറിയാം. ഈ ലാല ബുഡ്ഢാമൽ താങ്കളോടൊപ്പം ഉണ്ടല്ലോ. അദ്ദേഹത്തെ സഹായിക്കേണ്ടതായ ഏതെങ്കിലും അവസരം എപ്പോഴെങ്കിലും എനിക്കുണ്ടായിട്ട് ഞാൻ അതിൽ എന്തെങ്കിലും കുറവുവരുത്തിയിട്ടുണ്ടോ എന്നും അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഗുണം ചെയ്യേണ്ട നേരത്ത് എന്നിൽനിന്ന് എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടോ എന്നും താങ്കൾ അദ്ദേഹത്തോടു ചോദിക്കുക. പിന്നീട് ലാല സാഹിബിന് എനിക്കു നഷ്ടം വരുത്തേണ്ട ഏതെങ്കിലും അവസരം കിട്ടിയിട്ട് ആ നഷ്ടം എനിക്ക് അദ്ദേഹം വരുത്താതിരുന്നിട്ടുണ്ടോ എന്നും ചോദിക്കുക. അദ്ദേഹം എപ്പോഴും എനിക്ക് നഷ്ടം വരുത്തിയിട്ടുണ്ട്. ഞാനെപ്പോഴും അദ്ദേഹത്തിന് ഗുണവും ചെയ്തിട്ടുണ്ട്. ആ നേരത്ത് മജ്സ്ട്രേട്ടിനൊപ്പമുണ്ടായിരുന്ന ലാലബുഡ്ഢാമല്ലിന് അത് നിഷേധിക്കാനുള്ള തന്റേടമുണ്ടായില്ല. എന്നല്ല ലജ്ജിച്ച് നിലക്കുകയാണ് ചെയ്തത്.(സീറത്ത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 61-63)

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതമാതൃക. നഷ്ടം വരുത്തുന്നവരോടും സൃഷ്ടികളോടു സഹതാപത്തിന് വിധേയനായി ഗുണം ചെയ്യുകയാണ് ചെയ്തത്.

മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് കഠിനമായി എതിർത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു. നഊദുബില്ലാഹ് ദജ്ജാലെന്നും വഴിപിഴച്ചവനെന്നും പറഞ്ഞു. രാജ്യം മുഴുവൻ ആ മഹാത്മാവിനെതിരിൽ വിദ്വേഷത്തിന്റേയും ശത്രുതയുടേയും അഗ്നി ജ്വലിപ്പിച്ചു. പക്ഷേ, കേസ്സിൽ ആ മഹാത്മാവിന്റെ വക്കീൽ മൗലവി മുഹമ്മദു ഹുസയ്ന്റെ കുടുംബത്തെ കുറിച്ച് ചില അധിക്ഷേപകരമായ ചോദ്യങ്ങൾ ചോദിക്കാൻ മുതിർന്നപ്പോൾ അതിനെ ശക്തമായി തടഞ്ഞു. അവിടത്തെ വക്കീൽ മൗലവി ഫള്‌ലുദ്ദീൻ സാഹിബ് അനഹ്മദിയായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു,'മിർസാ സാഹിബ് ഒരു അത്ഭുത മനുഷ്യനാണ്. അത്ഭുതകരമായ സൽസ്വഭാവങ്ങളുടെ ഉടമയാണ്. ഒരു വ്യക്തി അദ്ദേഹത്തിന്റെ അഭിമാനത്തിനുമേൽ എന്നല്ല ജീവനുമേൽ ആക്രമണം നടത്തുന്നു. അതിനുള്ള മറുപടിയായി അയാളുടെ സാക്ഷ്യം ബലഹീനമാക്കുന്നതിനുവേണ്ടി ചില ചോദ്യങ്ങൾ അയാളോടു ചോദിക്കുമ്പോൾ താൻ അതിന് സമ്മതിക്കുകയില്ല എന്നു പറഞ്ഞ് അത് തടയുന്നു. ഇതേ മൗലവി മുഹമ്മദുഹുസയ്നെ കുറിച്ച് തന്റെ ഒരു അറബി പദ്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു:

ഖത്വഅ്ത്ത വിദാദൻ ഖദ് ഗറസ്നാഹു ഫിസ്സബാ
വ ലയ്സ ഫുആദീ ഫിൽവദാദി യുഖസ്സിറു
(അൽഖസായിദുൽ അഹ്മദിയ്യാ പേജ് 444)

അതായത് നമ്മൾ യുവത്വകാലത്ത് നമ്മുടെ മനസ്സിൽ നാട്ടിയ ആ സ്നേഹത്തിന്റെ വൃക്ഷത്തെ നീ സ്വന്തം കൈകൊണ്ട് വെട്ടിമുറിച്ചു. എന്നാൽ, എന്റെ മനസ്സ് ഒരു വിധത്തിലും സ്നേഹത്തിന്റെ കാര്യത്തിൽ കുറവു വരുത്തുന്നതോ വീഴ്ചവരുത്തുന്നതോ അല്ല.(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 57-59)

എന്തായാലും ഇതൊരു ഉദാഹരണമാണ്. ആ മഹാത്മാവിന്റെ മിഷനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ധാരാളം മുസ്‌ലിം ഉലമാ ശ്രമിച്ചു. അസംഖ്യം ഉലമാ അദ്ദേഹത്തെ എതിർത്തു. അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കി. ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായിട്ടാണ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ, മുസ്‌ലിം രാജ്യങ്ങളിൽ ഞങ്ങൾക്കെതിരെ എതിർപ്പു നടന്നുകൊണ്ടിരിക്കുന്നത്. ഇന്നും നമ്മൾ ആ എതിർപ്പിനുള്ള മറുപടിയിൽ അവർക്കെതിരിൽ ധാർമികമായ നിലവാരങ്ങളെ കൈവിട്ടു കളയുകയോ നിയമങ്ങളെ നമ്മുടെ കൈയിൽ എടുക്കുകയോ ചെയ്തിട്ടില്ല എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സ്വാധീനമാണ്. അഹോകഷ്ടം! ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവും മസീഹും മഹ്ദിയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനി തന്നെയാണെന്ന് ഇവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇസ്‌ലാമിന്റെ പ്രചാരണവും തൗഹീദിന്റെ സംസ്ഥാപനവും ഹൃദയങ്ങളിൽ സ്ഥാപിതമാകേണ്ട- ഭൂമിയിലല്ല- നബി(സ)തിരുമേനിയുടെ ഭരണവും മസീഹ് മൗഊദ് മുഖേന തന്നെയാണ് സ്ഥാപിതമാകേണ്ടത്. അവിടത്തെ ജമാഅത്തു മുഖേനതന്നെയാണ് സ്ഥാപിതമാകേണ്ടത്. അല്ലാതെ ഏതെങ്കിലും വാളുകൊണ്ടോ തുപ്പാക്കികൊണ്ടോ ഊക്കുകൊണ്ടോ അല്ലെങ്കിൽ ഭീകരത പരത്തുന്നതുകൊണ്ടോ ഇസ്‌ലാമിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്നത് കൊണ്ടോ അല്ല.

യൂറോപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ, ഇസ്‌ലാമിന്റെ പേരിൽ വ്യക്തികളോ സംഘടനകളോ ആണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ ഇവിടെ ലണ്ടനിൽ രണ്ടുദിവസം മുമ്പേ അക്രമപരമായനിലയിൽ നിരപരാധികളെ വധിക്കുകയുണ്ടായി. വഴിപോക്കരുടെമേൽ കാറ് ഇടിച്ചുകയറ്റി. ഒരു പോലീസുകാരൻ വധിക്കപ്പെട്ടു. ഇതിനുകാരണം ഈ നാമമാത്ര ഉലമാ മുസ്‌ലിം മനസ്സുകളിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ഇടുന്നതിനു പകരം അവർക്ക് തെറ്റായ മാർഗദർശനം നല്കി അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ചിന്താഗതികൾ ഉണ്ടാക്കിയിരിക്കുന്നു എന്നതാണ്.

ഇത്തരം സാഹചര്യത്തിൽ അഹ്മദികളായ നമ്മുടെ ജോലിയാണ്, ഞാൻ മുമ്പേയും പറഞ്ഞുകൊണ്ടിരുന്നതുപോലെ, എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ ഇസ്‌ലാമിന്റെ സൗന്ദര്യം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക. അഹ്മദിയ്യത്തിന്റെ എതിർപ്പിനെ സംബന്ധിച്ചിടത്തോളം

അതിനെ അഹ്മദിയ്യത്തിനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചതാണ്. അദ്ദേഹത്തെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് അയച്ചിട്ടുള്ളത്. ഇസ്‌ലാം ഇപ്പോൾ അവിടന്ന് മുഖേനതന്നെ വ്യാപിക്കേണ്ടതുണ്ട്. നമ്മൾ ആ ഇസ്‌ലാമിനെയാണ് പ്രചരിപ്പിക്കേണ്ടത്. ഈ നടന്നുകൊണ്ടിരിക്കുന്ന കൊലയുടേയും കൊള്ളയുടേയും പ്രവർത്തനം നിരപരാധികളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനം നമ്മൾ എല്ലാ സ്ഥലങ്ങളിലും ശക്തമായി തടയേണ്ടതുണ്ട്. അതിന്നെതിരിൽ ശബ്ദം ഉയർത്തേണ്ടതുണ്ട്. ഈ കെടുതികൾ ബാധിക്കുന്നവരോടു സഹതാപം കാണിക്കേണ്ടത് നമ്മുടെ ജോലിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാ മനുഷ്യരും കേട്ടുകൊള്ളട്ടെ! ഭൂമിയും ആകാശവും സൃഷ്ടിച്ചിട്ടുള്ളവന്റെ പ്രവചനമാകുന്നു ഇത്. അവൻ തന്റെ ഈ ജമാഅത്തിനെ മുഴുലോകത്തും പരത്തുന്നതാണ്. തെളിവുകൊണ്ടും പ്രമാണങ്ങൾകൊണ്ടും എല്ലാവരുടെമേലും അതിനു വിജയം നല്കും. ആദരവോടെ സ്മരിക്കപ്പെടുന്ന മതം ഇതൊന്ന് മാത്രമായിരിക്കുന്ന ആ നാൾ വരുന്നു. അതല്ല അടുത്തെത്തിയിരിക്കുന്നു. അല്ലാഹു ഈ മതത്തിലും ജമാഅത്തിലും പരമമായ പദവിയിലുള്ള അമാനുഷിക അനുഗ്രഹങ്ങൾ ഇടുന്നതാണ്. ഇതിനെ ഇല്ലാതാക്കാൻ ചിന്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം ഖിയാമത്തു വരുന്നതുവരെ അനശ്വരമായിരിക്കും. ഇപ്പോൾ എന്നെ പരിഹസിക്കുന്നുവെങ്കിൽ അതുകൊണ്ട് എന്തു നഷ്ടമാണ്! കാരണം പരിഹസിക്കപ്പെടാത്തതായി ഒരു നബിയും വന്നിട്ടില്ല. അതുകൊണ്ട് മസീഹ് മൗഊദും പരിഹസിക്കപ്പെടേണ്ടത് നിർബന്ധമായിരുന്നു. അല്ലാഹു യാഹസ്റത്തൻ അലൽ ഇബാദീ മാ യഅ്തീഹിം മിൻ റസൂലിൻ ഇല്ലാ കാനൂ ബിഹി യസ്തഹ്സിഊൻ എന്നു പറഞ്ഞതുപോലെതന്നെ! എല്ലാ നബിമാരും പരിഹസിക്കപ്പെടുന്നുവെന്നത് അല്ലാഹുവിൽനിന്നുള്ള അടയാളമാണ്. എന്നാൽ, എല്ലാവരും കാൺകെ ആകാശത്തുനിന്ന് ഇറങ്ങുകയും മലക്കുകളും അദ്ദേഹത്തോടൊപ്പം ഉണ്ടാകുകയും ചെയ്ത ആളെ ആര് പരിഹസിക്കാനാണ്! അതിനാൽ ഈ തെളിവിൽനിന്നും ബുദ്ധിമാന് മനസ്സിലാക്കാൻ കഴിയും മസീഹ് മൗഊദിന്റെ ആകാശത്തുനിന്നുള്ള ഇറക്കം കേവലം വ്യാജമായ ചിന്താഗതിയാണെന്ന്. ഓർമിച്ചുകൊള്ളുക! ആരും ആകാശത്തുനിന്നിറങ്ങുകയില്ല. ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മുടെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. അവരിൽ ആരും ഈസബ്നു മർയം ആകാശത്തുനിന്നിറങ്ങുന്നത് കാണുകയില്ല. പിന്നീട് അവശേഷിക്കുന്ന അവരുടെ മക്കളും മരിക്കുന്നതാണ്. അവരിലും ആരുംതന്നെ ഈസബ്നു മർയം ആകാശത്തുനിന്നിറങ്ങുന്നത് കാണുകയില്ല. പിന്നെ മക്കളുടെ മക്കളും മരിക്കുന്നതാണ്. അവരും മർയമിന്റെ മകനെ ആകാശത്തുനിന്നിറങ്ങുന്നതായി കാണുകയില്ല. അപ്പോൾ അല്ലാഹു അവരുടെ മനസ്സുകളിൽ പരിഭ്രമം ഇടുന്നതാണ്. അതായത് കുരിശിന്റെ വിജയവും കഴിഞ്ഞുപോയി. ലോകം മറ്റൊരു വർണത്തിൽ വരികയും ചെയ്തു. എന്നാൽ, മർയമിന്റെ മകൻ ഇപ്പോഴും ആകാശത്തുനിന്നിറങ്ങിയില്ല. അപ്പോൾ ബുദ്ധിമാന്മാർ ഈ വിശ്വസത്തിൽനിന്ന് ജാഗരൂകരാകും. ഇന്നുമുതൽ മൂന്നാമത്തെ നൂറ്റാണ്ട് തികയുന്നതിനുമുമ്പേ ഈസായെ പ്രതീക്ഷിച്ചിരിക്കുന്നവർ-അവർ മുസ്‌ലീംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ അതീവ നിരാശരും തെറ്റായഭാവനക്കാരുമായി വ്യാജമായ ഈ വിശ്വാസത്തെ ഉപേക്ഷക്കുന്നതാണ്. ലോകത്ത് ഒരേയൊരു മതവും ഒരേയൊരു നബിയും ആയിരിക്കും ഉണ്ടാകുക. ഞാൻ ഒരു വിത്തുപാകുന്നതിനായി വന്നിരിക്കുക. എന്റെ കൈയാൽ ആ വിത്ത് വിതയ്ക്കപ്പെട്ടു. ഇനി അത് വളരും പുഷ്പിക്കും. അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല.'(തദ്കിറത്തുശഹാദത്തയ്ൻ, റൂഹാനീ ഖസായിൻ വാല്യം20 പേജ് 66-67)

അല്ലാഹുവിന്റെ മസീഹിനാൽ വിതയ്ക്കപ്പെട്ട ആ വിത്ത് അവന്റെതന്നെ കൃപയാൽ പുഷ്പിക്കുകയും കായ്ക്കുകയും വളരുകയും ചെയ്തുകൊണ്ടു പോകുന്നു. നമ്മൾ അതിന്റെ പച്ചപ്പുള്ള ശാഖകളാകണമെങ്കിൽ, എഴുത്തുകളിലൂടേയും കർമങ്ങളിലൂടേയും അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയും നമ്മുടെ കർമങ്ങളും മനുഷ്യകുലത്തോടുള്ള സഹതാപവും സ്നേഹവും നമ്മുടെ എല്ലാ കർമങ്ങളിലും കാണാൻ കഴിയുമാറാക്കിത്തീർക്കേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമ്മുടെ ജോലിയാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

**പേജ് 8ൽ നിന്ന്**

ക്കുന്നു. കനഡയിലെ അഹ്മദികൾ യു.കെ യെ അപേക്ഷിച്ച് കുറവായിരിക്കും. പക്ഷേ, ഇവിടെ ഭരണകൂടവുമായുള്ള ബന്ധങ്ങൾ ഭരണകൂടത്തിന്റെറെസ്പോൺസ് യു.കെ.യെക്കാൾ അധികമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: യു.കെ യിൽ കുറിച്ച് മുസ്‌ലിം സംഘടനകളുണ്ട്. ഞങ്ങളുമായി അടുത്ത ബന്ധമുണ്ടാക്കുന്നതിൽ അവർ തൃപ്തരല്ല. മാനുഷികമായ മൂല്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാവരും ചേർന്ന് പ്രവർത്തിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുമ്പോഴാണിത്. പരസ്പരം ഐക്യമുണ്ടാകണം. അതിലാണ് ഗുണമുണ്ടാകുന്നത്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: മറ്റുള്ള മതക്കാരുമായി ഇവിടേയും യു.കെ.യിലും ഞങ്ങൾക്ക് നല്ലബന്ധങ്ങളാണുള്ളത്.

പ്രധാനമന്ത്രി അമീറുൽ മുഅ്മിനോടു ചോദിച്ചു: എതിർപുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് നിങ്ങൾ. ഞാൻ അങ്ങയോടു ചോദിക്കാൻ ആഗ്രഹിക്കുന്നത് മറ്റു ന്യൂനപക്ഷക്കാരുടെ ഇഷ്യൂകളെ നിങ്ങൾ എങ്ങനെയാണ് നോക്കിക്കാണുന്നത്? ഉദാഹരണത്തിന് ജന്റർ ഇഷ്യൂ ഉണ്ട്. എക്ണോമിക് ഇഷ്യൂ ഉണ്ട്. ഇപ്രകാരംതന്നെ റിലീജിയസ് ഫ്രീഡമുണ്ട്. ഇതു സംബന്ധമായി ഞങ്ങൾക്കു മാർഗദർശനം നല്കിയാലും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: താങ്കൾ ഒരു ചോദ്യത്തിൽ ഒരുപാട് ഇഷ്യൂകൾ ഉൾപ്പെടുത്തിയിരിക്കുന്നു. നമുക്ക് ഓരോന്നിനേയും വെവ്വേറെ നോക്കേണ്ടതായി വരും. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഞാൻ ഒരു മതവിശ്വാസി എന്ന നിലയിലും ഇസ്‌ലാം എന്ന നിലയിലും ഇസ്‌ലാമികാധ്യാപനമനുസരിച്ച് പറയുന്നത്, ഓരോ വ്യക്തിക്കും മതസ്വാതന്ത്ര്യം ലഭിക്കണമെന്നാണ്. ഉദാഹരണത്തിന് പൂർണമായും അറിവ് നേടാൻ ഓരോ സ്ത്രീക്കും അവകാശമുണ്ട്. പക്ഷേ, ചില മതപരമായ കാര്യങ്ങളുണ്ട്. അതിൽ ഭരണകൂടം കൈകടത്താതിരിക്കേണ്ടതാണ്. ഉദാഹരണത്തിന് പർദയുണ്ട്. Segregration ഉണ്ട്. സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ വിവിധ പരിപാടികളിൽ വെവ്വേറെ ഹാളുകളിൽ ഇരിക്കുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: Segregration ന്റെ ഇഷ്യൂവിനെ സംബന്ധിച്ചിടത്തോളും സ്ത്രീകളെന്താണ് ആഗ്രഹിക്കുന്നതെന്നാണ് നിങ്ങൾ നോക്കേണ്ടത്. അവർ വേറെ ഇരിക്കാനാഗ്രഹിക്കുന്നെങ്കിൽ, വേറെ ഇരിക്കുന്നതിൽ ആശ്വാസം കാണുന്നുവെന്നെങ്കിൽ, അതാണ് സൗകര്യമെന്ന് തോന്നുന്നുവെങ്കിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നെവെങ്കിൽ ഭരണകൂടം അതിന് തടസ്സം നില്ക്കാൻ പാടില്ലാത്തതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: താങ്കൾ എക്കണോമിക് ഇഷ്യൂസിനെ കുറിച്ച് പറഞ്ഞു. ഇത് എന്റെ അഭിപ്രായത്തിൽ ഒരു വലിയ ഇഷ്യൂ ആണ്. സാമ്പത്തിക ബുദ്ധിമുട്ടു കാരണത്താൽ നിരാശയ്ക്കിരയായി ഭീകരവാദ സംഘടനകളിലേക്ക് ചേക്കേറുന്ന ചില യുവാക്കളുണ്ട്. ഒരു പരിധിവരെ ഇറാഖിലെ യുദ്ധത്തിനുശേഷവും ഈ ഇഷ്യൂ വർധിച്ചിട്ടുണ്ട്. പിന്നീട് സെപ്റ്റംബർ 11 നുശേഷം അതു കൂടുതലായി. കുറച്ച് പുതിയ സംഘടനകളും ഗ്രൂപുകളും ഉടലെടുത്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ മനസ്സിലാക്കുന്നത് 2008ലെ എക്ണോമിക് ക്രൈസസിനുശേഷം ഭീകരപ്രവർത്തനം കൂടുതലാകുകയാണ് ചെയ്തിട്ടുള്ളതെന്നാണ്. ഐ എസ് ഐ എസ് സ്ഥാപിതമായി. അതിനുശേഷം അറബ്സ്പ്രിംഗും ഉണ്ടായി. ഞാൻ മനസ്സിലാക്കുന്നത് ഭീകരവാദ സംഘടനകൾ യുവാക്കളുടെ അസ്വസ്ഥതയിൽനിന്നും നിരാശയിൽനിന്നും ഫലമെടുത്തു. യുവാക്കൾക്ക് തൊഴിലുണ്ടായിരുന്നില്ല. എക്ണോമിക് ക്രൈസസ് കാരണത്താൽ ധാരാളമാളുകൾക്ക് തൊഴിലുകൾ നഷ്ടപ്പെട്ടു. ഇത് മുതലെടുത്തുകൊണ്ട് ഭീകരവാദസംഘടനകൾ ആ യുവാക്കളിൽ പണത്തിന് ആർത്തിയുണ്ടാക്കി. അങ്ങനെ ധാരാളമാളുകൾ ഭീകരവാദ സംഘടനകളിൽ ചേർന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇവിടെനിന്നും ഇറാഖിലേക്കും സിറിയയിലേക്കും ഭീകരപ്രവർത്തനത്തിനുപോയവരിൽ ഇരുപതുശതമാനം സ്ത്രീകളാണെന്ന് കനഡയെ ഉദ്ധരിച്ച് ഞാൻ വായിച്ചിരുന്നു. ഇതു വളരെ ഭയാനകമായ കാര്യമാണ്. സ്ത്രീകൾ ഇതിനു തയ്യാറാകുകയാണെങ്കിൽ പിന്നീട് അവരുടെ മക്കൾക്കും അവർ ഇതേ ട്രൈനിംഗ് തന്നെയായിരിക്കും നല്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: യൂറോപ്യൻരാജ്യങ്ങൾ മുസ്‌ലിം ലോകത്തിന് അടുത്താണ്. അതുകൊണ്ട് യൂറോപ്പിൽ ഭീകരവാദപ്രവർത്തനം വരുമെന്നുള്ള ഒരു വലിയ ഭീഷണിയുണ്ട്. എന്നല്ല ചില സംഭവങ്ങളുമുണ്ടായിട്ടുണ്ട്. യൂറോപ്പിനെ അപേക്ഷിച്ച് കനഡയിൽ നിങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിൽനിന്ന് അകലെയാണുള്ളത്. പക്ഷേ, നിങ്ങൾ സുരക്ഷിതരാണെന്ന് ഒരിക്കലും ചിന്തിച്ചുപോകരുത്. ഇവിടെയും ഭീകരവാദ ഗ്രൂപ്പുകൾ ഭീഷണിയാകാനിടയുണ്ട്.

ഇതുകേട്ട് പ്രധാനമന്ത്രി പറഞ്ഞു: 'ഹുദൂർ തികച്ചും ശരിയായ കാര്യങ്ങളാണ് പറയുന്നത്. റെഡിക്കുലൈസേഷനും ഭീകരപ്രവർത്തനവും അവസാനിപ്പിക്കുന്നതിനുവേണ്ടി നമ്മളെല്ലാവരും ചേർന്ന് ഒന്നിച്ച് പണിയെടുക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മുസ്‌ലീംകൾ തങ്ങളുടെ യഥാർഥമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഒരിക്കലും അവർക്ക് ഭീകരവാദിയാകാൻ സാധിക്കുകയില്ല. കാരണം ഇസ്‌ലാമിന്റെ സ്ഥാപകർ നബി(സ)തിരുമേനി പറഞ്ഞു,'ഹുബ്ബുൽവത്നി മിനൽ ഈമാനി' ദേശത്തോടുള്ള സ്നേഹം ഈമാനിന്റെ ഭാഗമാണ്. സ്വന്തം ദേശത്തോടു സ്നേഹമുണ്ടെങ്കിൽ നിങ്ങളുടെ എല്ലാ ശ്രമങ്ങളും ദേശത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയായിരിക്കും. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങളുടെ ആളുകൾക്ക് റെഡിക്കുലസ് ആകാൻ കഴിയുകയില്ലെന്ന് അതുകൊണ്ടാണ് അഹ്മദികളായ ഞങ്ങൾ വാദിക്കുന്നത്. കാരണം ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്.

പ്രധാനമന്ത്രി അവസാനം ഒരിക്കൽക്കൂടി അമീറുൽ മുഅ്മിനീന് നന്ദി പറഞ്ഞു. പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ 6 കാബിനറ്റ് മന്ത്രിമാരുമായുള്ള അമീറുൽ മുഅ്മിനീന്റെ ഈ കൂടിക്കാഴ്ച 4.35 വരെ നീണ്ടുനിന്നു. അതിനുശേഷം പരിപാടിയനുസരിച്ച് അമീറുൽമുഅ്മിനീൻ പാർലമെന്റ് ഹില്ലിൽനിന്ന് Fairmont Chatfau Laurier ഹോട്ടലിലേക്ക് പോയി. ഈ ഹോട്ടൽ പാർലമെന്റിൽനിന്ന് 5 മിനിറ്റ് ദൂരെയാണ്. പരിപാടിയനുസരിച്ച് ഇവിടെ കുറച്ചു സമയം താൽക്കാലിക വിശ്രമമായിരുന്നു. അതുകഴിഞ്ഞ് വീണ്ടും പാർലമെന്റ് ഹില്ലിലേക്ക് പോകണമായിരുന്നു. ഇവിടെ Sir John A Macdonald Hall ൽ അമീറുൽമുഅ്മിനീനെ ആദരിക്കുന്ന ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. പരിപാടിയനുസരിച്ച് ആറര മണിക്ക് അമീറുൽമുഅ്മിനീൻ പാർലമെന്റ് ഹില്ലിലേക്ക് യാത്രയായി. 6.35 ന് അമീറുൽമുഅ്മിനീൻ 'സർ ജോൺ എ മാക്ഡോണാൾഡ് ഹാളി'ലെത്തി. അമീറുൽമുഅ്മിനീൻ എത്തുന്നതിനുമുമ്പേ ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികളും അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു കഴിഞ്ഞിരുന്നു.

ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കുന്ന അതിഥികളിൽ കനഡ സർക്കാറിന്റെ 6 മന്ത്രിമാരും പാർലമെന്റിലെ 57 നാഷണൽ അംഗങ്ങളും ജർമനി, ജുമേക്ക, ഇന്ത്യാ, പെറു, ശ്രീലങ്ക, ഇസ്രായേൽ, ഹോളണ്ട്, ഖാസാഖിസ്താൻ, അങ്കോള, ക്രോഷ്യാ, വെനിസ്വല തുടങ്ങി 11 രാജ്യങ്ങളിലെ അമ്പാസിഡർമാരും ഇവർക്കുപുറമെ യു എസ് എ എമ്പസിയുടെ ഫസ്റ്റ് സെക്രട്ടറിയും ലിബിയൻ എമ്പസിയുടെ പ്രതിനിധിയും പങ്കെടുത്തിരുന്നു.

ഒന്ററിയോ സംസ്ഥാനത്തിന്റെ ഒരു മന്ത്രിയും പങ്കെടുത്തവരിൽപ്പെടുന്നു. ഇവർക്കുപുറമെ മുപ്പതിലധികം വിശേഷ വ്യക്തികളും പങ്കെടുത്തു. ചീഫ് ഓഫ് സ്റ്റാഫ് ഫോർ മിനിസ്റ്റേഴ്സ്, ഡയറക്ടർ എവാഞ്ചിലിക്കൽ ഫെല്ലോഷിപ്പ്, ചീഫ് കമ്മ്യൂണിക്കേഷൻ ഓഫീസർ ഓഫ് കനേഡിയൻ റെഡ്ക്രോസ്, അസിസ്റ്റന്റ് കമ്മീഷണർ ആർ സി എം പി, പ്രൊഫസേഴ്സ് ആന്റ് ഡീൻസ് ആന്റ് വൈസ് പ്രസിഡന്റ് ഓഫ് യൂണിവേഴ്സിറ്റി ഓഫ് ഒട്ടാവ ആന്റ് കൽട്ടൺ യൂണിവേഴ്സിറ്റി, ഡയറക്ടർ നാഷണൽ കനേഡിയൻ കൗൺസിൽ ഫോർ മുസ്‌ലിം സ്, പ്രസിഡന്റ് ഓഫ് പ്രോഗ്രസീവ് മുസ്‌ലിം കനഡ, ഹ്യൂമൺ റൈറ്റ്സ് ഓഫ് കനഡയുടെ പ്രതിനിധി, റിലീജിയസ് ഫ്രീഡം ആന്റ് എൻക്ലോസിൻ, ഇന്തോ കനേഡിയൻ ബിസിനസ് ചേമ്പർ, യു എസ് ഗവൺമെന്റ് യു എസ് സി ഐ ആർ എഫ് ഓഫീസിന്റെ പ്രതിനിധികൾ, ഥെങ്ക് ടെങ്ക് അംഗങ്ങൾ തുടങ്ങിയവർ അതിൽപെടുന്നു.

ഇവരെല്ലാവരും അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കുകയായിരുന്നു. അമീറുൽമുഅ്മിനീൻ 'സർ ജോൺ എ മാക്ഡോണാൾഡ് ഹാളി'ലെത്തിയതിനുശേഷം സ്റ്റേജിലേക്കു വന്നു. (തുടരും 2016 ഡിസംബർ 8 ബദർ വീക്കിലി)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 27 April 2017 Issue-17

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# കനഡിയൻ പാർലമെന്റിൽ വിവിധ പാർലമെന്റംഗങ്ങളുമായി അമീറുൽ മുഅ്മിനീന്റെ കൂടിക്കാഴ്ചയും സുപ്രധാന ഉപദേശങ്ങളും

**പ്രധാനമന്ത്രി ജസ്റ്റിൺ ട്രോഡോ(Justin Trudeau): ഞാൻ ഇന്ന് ഖലീഫത്തുൽ മസീഹിനെ എന്റെ നാട്ടിൽ വെൽക്കം ചെയ്യുകയാണ്. ഇത് എനിക്ക് വലിയൊരു ബഹുമതിയാണ്. അങ്ങയുടെ കമ്മ്യൂണിറ്റി "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം മുഴുലോകത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ കമ്മ്യുണിറ്റിയിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. നിങ്ങൾ കനഡയുടെ അഭിവൃദ്ധിയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ❖അമീറുൽ മുഅ്മിനീൻ: ഇത്ര തുറന്ന മനസ്സോടെ വെൽക്കം ചെയ്തതിനു ഞാൻ നിങ്ങൾക്ക് നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് പ്രധാനമന്ത്രിയായപ്പോൾ അങ്ങയ്ക്ക് നേരിട്ട് ആശംസകളർപ്പിക്കാൻ എനിക്ക് അവസരം കിട്ടിയില്ല. ഇപ്പോൾ ഞാൻ അങ്ങയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുകയാണ്. ഞാൻ കത്തുമുഖേന ആശംസകളർപിച്ചിരുന്നു. ❖പ്രധാനമന്ത്രി:'ഹുദൂർ അൻവറിന് നന്ദി. അങ്ങ് എല്ലാതരത്തിലുള്ള ഭീകരപ്രവർത്തനങ്ങളേയും അപലപിക്കുന്നു. നിങ്ങൾ ദേശത്തോടു കൂറുള്ളവരാണ്. ❖അമീറുൽമുഅ്മിനീൻ: ലോകത്തെ സമാധാനത്തിന്റെ അടുത്തെത്തിക്കുന്ന വിധം ചുവടുയർത്താൻ അല്ലാഹു അങ്ങയ്ക്ക് ഭാഗ്യം നല്കുമാറാകട്ടെ. ❖പ്രധാനമന്ത്രി: ഞങ്ങളുടെ ആഗ്രഹവും ഇതുതന്നെയാണ്. ❖അമീറുൽമുഅ്മിനീൻ: ഞാൻ ആദ്യം 2012-ൽ അങ്ങയെ കണ്ടിരുന്നു. ആ നേരത്ത് താങ്കൾ ഒരു നാൾ പ്രധാനമന്ത്രിയാകുന്നതിന് ഞാൻ അങ്ങയ്ക്കുവേണ്ടി പ്രാർഥിച്ചിരുന്നു. താങ്കൾക്ക് ഓർമയുണ്ടോ എന്നറിയില്ല. ❖പ്രധാനമന്ത്രി: എനിക്കു നല്ലവണ്ണം ഓർമയുണ്ട്.**

## പ്രധാനമന്ത്രി ജസ്റ്റിൺ ട്രോഡോ (Justin Trudeau)യുമായുള്ള അമീറുൽമുഅ്മിനീന്റെ കൂടിക്കാഴ്ച.

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

**(ഭാഗം 4)**

അതിനുശേഷം അമീറുൽമുഅ്മിനീന്റെ പരിപാടി കനഡ പ്രധാനമന്ത്രി Justin Trudeau മായുള്ള കൂടിക്കാഴ്ചയായിരുന്നു. അമീറുൽ മുഅ്മിനീൻ പാർലമെന്റിന്റെ മൂന്നാമത്തെ നിലയിലുള്ള കാബനറ്റ് റൂമിലേക്ക് പോയി. അവിടെ പ്രധാനമന്ത്രി, അമീറുൽ മുഅ്മിനീനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

അമീറുൽ മുഅ്മിനീന് പ്രധാനമന്ത്രി സ്വാഗതം പറഞ്ഞു. പറഞ്ഞു: ഞാൻ ഇന്ന് ഖലീഫത്തുൽ മസീഹിനെ എന്റെ നാട്ടിൽ welcome ചെയ്യുകയാണ്. ഇത് എനിക്ക് വലിയൊരു ബഹുമതിയാണ്. അങ്ങയുടെ കമ്മ്യൂണിറ്റി "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്ന സന്ദേശം മുഴുലോകത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് എനിക്കറിയാം. അങ്ങയുടെ ദീർഘമായ പര്യടനമാണ് കനഡയിലേതെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. ടൊറൊണ്ടോയ്ക്കു ശേഷം സിസ്കാടോണിലും കൽഗരിയിലും അങ്ങ് പോകുന്നുണ്ട്. അങ്ങയുടെ കമ്മ്യുണിറ്റി കനഡയുടെ അഭിവൃദ്ധിയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു എന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഹുദൂർ അൻവറിന്റെ നേതൃത്വത്തിൽ സന്തോഷിക്കുകയും വളരെ ആദരിക്കുകയും ചെയ്യുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഇത്ര തുറന്ന മനസ്സോടെ വെൽക്കം ചെയ്തതിനു ഞാൻ നിങ്ങൾക്ക് നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് പ്രധാനമന്ത്രിയായപ്പോൾ അങ്ങയ്ക്ക് നേരിട്ട് ആശംസകളർപ്പിക്കാൻ എനിക്ക് അവസരം കിട്ടിയില്ല. ഇപ്പോൾ ഞാൻ അങ്ങയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുകയാണ്. ഞാൻ കത്തുമുഖേന ആശംസകളർപിച്ചിരുന്നു.' അതിന് പ്രധാനമന്ത്രി ഹുദൂറിന് നന്ദി പറഞ്ഞു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഞാൻ പാർമെന്റിന്റെ സെഷൻ കണ്ടു.വളരെ നന്നായിരുന്നു. ഞാൻ നല്ലവണ്ണം ആസ്വദിച്ചു. താങ്കൾ വളരെ സമാധാനനിർഭരനായിരിക്കുന്നതും ഞാൻ കണ്ടു.

അതുകേട്ട് പ്രധാനമന്ത്രി പറഞ്ഞു: തുടക്കത്തിൽ എനിക്ക് കുറച്ച് ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടതുണ്ടായിരുന്നു. നിശബ്ദത പാലിക്കുകയും മറ്റുള്ളവരെ ആദരിക്കുകയും ചെയ്യുന്നതിനുള്ള ശ്രമമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഈയിടെയായി എല്ലായിടത്തും ഇഷ്യു ആയിട്ടുള്ള കാര്യങ്ങളും പ്രശ്നങ്ങളുമാണ് അങ്ങ് ചർച്ച ചെയ്തത്. ഭീകരവാദത്തേയും ഭീകരപ്രവർത്തനങ്ങളേയും കുറിച്ചാണ് സംസാരിച്ചത്.

പ്രധാനമന്ത്രി പറഞ്ഞു: അഹ്മദിയ്യാ കമ്മ്യൂണിറ്റി കനഡയിൽ മൂല്യങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി വളരെ നല്ല പ്രവൃത്തി ചെയ്തികൊണ്ടിരിക്കുന്നു. ഇതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ജമാഅത്ത് ഇവിടെ സിറിയൻ അഭയാർഥികളേയും സംരക്ഷിച്ചിരിക്കുന്നു. അഭയാർഥികളുടെ കാര്യത്തിൽ അങ്ങയുടെ വലിയ പോസിറ്റീവായിട്ടുള്ള പങ്കാണുള്ളത്.

പ്രധാനമന്ത്രി പറഞ്ഞു: 'മറ്റൊരു ഉദാഹരണം പറയാനുള്ളത് നിങ്ങൾ എല്ലാതരത്തിലുള്ള ഭീകരവാദങ്ങളേയും അപലപിക്കുന്നു എന്നതാണ്. നിങ്ങൾ ദേശത്തോടു കൂറുള്ളവരാണ്. പ്രധാനമന്ത്രി പറഞ്ഞു: കഴിഞ്ഞ ഭരണത്തിൽ റിലീജിയസ് ഫ്രീഡമിന്റെ ഒരു ഓഫീസുണ്ടായിരുന്നു. ഞങ്ങൾ ഇപ്പോൾ ഈ സ്ഥാപനത്തെ മാറ്റിയിരിക്കുന്നു. കാരണം കഴിഞ്ഞ ഓഫീസിന് ചില രാഷ്ട്രീയ ഉദ്ദേശ്യങ്ങളുണ്ടായിരുന്നു. ഈ ഓഫീസിന്റെ സ്ഥാപനോദ്ദേശ്യം കേവലം മനുഷ്യത്വം ആയിരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

ഇതുകേട്ട് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഇതു വളരെ നല്ല കാര്യമാണ്. ലോകത്ത് ഇതിന് വളരെയേറെ ആവശ്യമുണ്ട്. എല്ലായിടത്തും നീതിയുടെ കുറവുണ്ട്. അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ നല്ല കാര്യങ്ങളിലും നിങ്ങളെ സഹായിക്കട്ടെയെന്ന് അമീറുൽ മുഅ്മിനീൻ ദുആ ചെയ്തു. ലോകത്ത് സമാധാനം അടുപ്പിച്ചുകൊണ്ടുവരുന്ന ചുവടുകൾ ഉയർത്താൻ അല്ലാഹു നിങ്ങൾക്കു സൗഭാഗ്യം നല്കുമാറാകട്ടെ.

അപ്പോൾ പ്രധാനമന്ത്രി പറഞ്ഞു: 'ഞങ്ങളുടെ ആഗ്രഹവും ഇതു തന്നെയാണ്. പ്രധാനമന്ത്രിയുമായുള്ള അമീറുൽ മുഅ്മിനീന്റെ one to one കൂടിക്കാഴ്ച 15 മിനിറ്റോളം നീണ്ടുനിന്നു. അതിനുശേഷം പ്രധാനമന്ത്രി Justin Trudeau അമീറുൽ മുഅ്മിനീനെ അടുത്തുള്ള മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ താഴെ പറയുന്ന മന്ത്രിമാരുണ്ടായിരുന്നു.(1)ഓണറബിൾ നൗദീപ് ബെൻസ് (മിനിസ്റ്റർ ഓഫ് ഇന്യൂവേഷൻ സയൻസ് ആന്റ് ഇക്ണോമിക് ഡവലപ്പ്മെന്റ്)(2)ഓണറബിൾ ക്രിസ്റ്റി ഡെങ്കൺ(മിനിസ്റ്റർ ഓഫ് സയൻസ്)(3) ഓണറബിൾ ഹർജീത് സജ്ജൻ(മിനിസ്റ്റർ ഓഫ് ഡിഫൻസ്)(4)ഓണറബിൾ മീലാനീ ജൂലി(മിനിസ്റ്റർ ഓഫ് ഹെരിറ്റേജ്)(5)ഓണറബിൾ ജോൺ മൽക്കോളം(മിനിസ്റ്റർ ഇമിഗ്രേഷൻ ആന്റ് സിറ്റിസൺഷിപ്പ് ആന്റ് റിഫ്യൂജീസ്)(6) Hon.Karla Qualtrough(മിനിസ്റ്റർ ഓഫ് സ്പോർട്ടസ് ആന്റ് പ്രസൻസ് വിഡോസ് എബ്ലിറ്റീസ്) ഇവർക്കുപുറമെ ഓണറബിൾ ജോഡി സഗ്രോയും ഉണ്ടായിരുന്നു. ഈ മുറിയിൽ പ്രധാനമന്ത്രിയും മറ്റു 6 മന്ത്രിമാരുമായുള്ള കൂടിക്കാഴ്ച ഏകദേശം അരമണിക്കൂർ നീണ്ടുനിന്നു.

പ്രധാനമന്ത്രി അമീറുൽ മുഅ്മിനീന് വീണ്ടും സ്വാഗതം പറഞ്ഞു. ജമാഅത്തിന്റെ സേവനങ്ങളെ സ്മരിച്ചുകൊണ്ട് അഹ്മദിയ്യാ കമ്മ്യൂണിറ്റി ലോകത്ത് സമാധാനസംസ്ഥാപനത്തിനായി പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾക്കും നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങൾ അഹ്മദി അഭയാർഥികളെ സ്വീകരിച്ചതിന് ഞാൻ പ്രത്യേകമായ നിലയിൽ നിങ്ങൾക്ക് നന്ദി പറയുകയാണ്. സിറിയയിൽ നിന്നു വരുന്ന കുടുംബങ്ങളേയും ലാഹോറിൽ ശഹീദായവരുടെ കുടുംബങ്ങളേയും നിങ്ങൾ സ്വീകരിച്ചു.

അമീറുൽ മുഅ്മിനീൻ പ്രധാനമന്ത്രിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഞാൻ 2012-ൽ ആദ്യമായി താങ്കളെ കണ്ടപ്പോൾ താങ്കൾക്കുവേണ്ടി ദുആ ചെയ്തിരുന്നു. താങ്കൾ ഒരുനാൾ പ്രധാനമന്ത്രിയാകുമെന്നും പറഞ്ഞിരുന്നു. താങ്കൾക്കത് ഓർമയുണ്ടോ എന്നറിയില്ല. അപ്പോൾ പ്രധാനമന്ത്രി പറഞ്ഞു: 'എനിക്കത് നല്ലവണ്ണം ഓർമയുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മാനുഷിക മൂല്യങ്ങളെ വിലമതിക്കുന്ന ആളുകളിൽപ്പെടുന്നയാളാണ് താങ്കളെന്നും അപ്പോൾ എനിക്കറിയാമായിരുന്നു. അതിന് പ്രധാനമന്ത്രി അമീറുൽ മുഅ്മിനീന് നന്ദി പറഞ്ഞു. തുടർന്നു പറഞ്ഞു: എല്ലാ പാർട്ടികളും അഹ്മദിയ്യാ ജമാഅത്തിനെ സപ്പോർട്ടു ചെയ്യുന്നുവെന്ന് എനിക്ക് പറയാൻ കഴിയും. അഹ്മദികളുടെ അടിസ്ഥാനപരമായ നയങ്ങളേയും മൂല്യങ്ങളേയും ഞങ്ങൾ സ്തുതിക്കുന്നു.

മറ്റുള്ള എല്ലാ മന്ത്രിമാരും അവരവരുടെ ഊഴമനുസരിച്ച് തങ്ങളെ പരിചയപ്പെടുത്തി. അമീറുൽ മുഅ്മിനീനോടൊപ്പം മിനിസ്റ്റർ ഓഫ് ഹെരിറ്റേജ് ഓണറബിൾ മീലാനീ ജൂലി ഇരുന്നിരുന്നു. അവർ പറഞ്ഞു: അടുത്ത വർഷം കനഡയുടെ 150-ാമത് ആനിവേഴ്സറി ഞങ്ങൾ ആഘോഷിക്കുകയാണ്. അഹ്മദിയ്യാ കമ്മ്യൂണിറ്റി അതിൽ പൂർണമായ പങ്കെടുക്കുമെന്ന് ഞാൻ കരുതുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: കനഡ അഹ്മദിയ്യാ ജമാഅത്തും തങ്ങളുടെ 50-ാം വർഷം ആഘോഷിക്കുകയാണ്. അതിന്റെ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഈ വർഷം ഇവരുടെ 40-ാം ജൽസസാലാന(വാർഷിക സമ്മേളനം)യായിരുന്നു. യു.കെ.യിൽ ഈ വർഷം ഞങ്ങളുടെ 50-ാം ജൽസസാലാനയായിരുന്നു. ഇതിൽ 38-ായിരത്തിൽ അധികം ആളുകൾ പങ്കെടുത്തിരുന്നു. കനഡ ജൽസയിൽ ഇരുപത്തയ്യായിരത്തിനടുത്ത് ആളുകൾ പങ്കെടുത്തു.

യൂ.കെ യിലും കനഡയിലുമുള്ള അഹ്മദിയ്യാ കമ്മ്യൂണിറ്റികൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്ന് പ്രധാനമന്ത്രി ചോദിച്ചു. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇരുരാഷ്ട്രങ്ങളിലും ഭരണതലങ്ങളിൽ നല്ല ബന്ധങ്ങളാണുള്ളത്. യൂ കെ യിൽ ഏറ്റവുമാദ്യം അഹ്മദിയ്യാ പാർലിമാനീ സംഘം രൂപീകരിക്കപ്പെട്ടു. ഇപ്പോൾ കനഡയിലും രൂപീകരിക്കപ്പെട്ടു കഴിഞ്ഞിരി

**(ശേഷം പേജ് 7ൽ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin